Edit with WPS Office



## അദ്ധ്യായം 1- ഭരണഘടന

1, ഭരണഘടന എന്നാൽ എന്ത്? ഭരണഘടനയുടെ കർത്തവ്യങ്ങൾ എന്തെല്ലാം?

രാഷ്ട്രം എങ്ങനെ രൂപീകരിക്കപ്പെട്ടിരിക്കുന്നുവെന്നും, ഗവൺമെന്റിന്റെ അധികാരങ്ങളും, പ്രവർത്തനങ്ങളും എന്തൊക്കെയാണെന്നും, ഈ അധികാരങ്ങളുടെ അടിസ്ഥാന തത്വങ്ങളും, നിയമങ്ങളും എന്തായിരിക്കണമെന്നും നിർദേശിക്കുന്ന ഒരു പ്രമാണത്തെയോ, ഒരു കൂട്ടം പ്രമാണങ്ങളെയോ ആണ് ഭരണഘടനയെന്നു പറയുന്നത്. അതായത് ഒരു രാജ്യത്തെ അടിസ്ഥാന നിയമങ്ങളെയാണ് ണഘടനയെന്നു പറയുന്നത്.

**ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ**

- വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട ആളുകൾക്കിടയിൽ സഹകരണവും കൂട്ടായ്മയും വർദ്ധിപ്പിക്കുന്നു.
- നിയമം നിർമ്മിക്കേണ്ടതാരാണെന്നും, പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കേണ്ടത് ആരാണെന്നും ഭരണഘടന നിർദ്ദേശിക്കുന്നു.
- ഗവണ്മെന്റിന്റെ അധികാരങ്ങൾക്ക് പരിധി നിർണയിക്കുന്നു.
- പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നു.
- ഭരണഘടന ജനങ്ങളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പ്രതിഫലിപ്പിക്കുന്നു.

**2. ഭരണഘടന നിർമ്മാണസമിതിയുടെ രൂപീകരണത്തെക്കുറിച്ച് വിവരിക്കുക?**

ഇന്ത്യൻ ഭരണഘടന ഔപചാരികമായി തയ്യാറാക്കിയത് ഭരണഘടനാ നിർമ്മാണ സഭയാണ്. 1946 ലെ ക്യാബിനറ്റു മിഷനാണ് ഭരണഘടനാനിർമ്മാണ സമിതിയുടെ രൂപീകരണത്തെക്കുറിച്ച് നിർദേശിക്കുന്നത്. 1946 ഡിസംബർ 9 ന് ഭരണഘടനാനിർമ്മാണ സമിതിയുടെ ആദ്യ സമ്മേളനം ഡൽഹിയിൽ കൂടി. ഡോ. രാജേന്ദ്രപ്രസാദിനെ ഭരണഘടന നിർമ്മാണ സഭയുടെ പ്രസിഡന്റായി തിരഞ്ഞെടുത്തു. 389 അംഗങ്ങൾ ഭരണഘടനനിർമ്മാണ സമിതിയിലുണ്ടായിലുണ്ടായിരുന്നു. മൗണ്ട് ബാറ്റൻ പ്ലാനിന്റെ (ജൂൺ 3 പദ്ധതി) അടിസ്ഥാനത്തിൽ ഇന്ത്യാ വിഭജിച്ചതിനെത്തുടർന്ന് അംഗസംഖ്യ 299 ആയി കുറഞ്ഞു. സാർവ്വത്രിക വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലല്ല ഭരണഘടന നിർമ്മാണ സഭയിലെ അംഗങ്ങളെ തിരഞ്ഞെടുത്തത്. എന്നിരുന്നാലും ഭരണഘടന നിർമ്മാണ സഭയെ പ്രാതിനിധ്യ സ്വഭാവമുള്ളതാക്കാൻ എല്ലാ മത വിഭാഗങ്ങൾക്കും പ്രാതിനിധ്യം നൽകിയിരുന്നു. ഇതു കൂടാതെ പട്ടിക വിഭാഗത്തിൽപ്പെട്ട 28 അംഗങ്ങൾ സഭയിലുണ്ടായിരുന്നു. രാഷ്ട്രീയപാർട്ടികളിൽ 82 ശതമാനം സീറ്റുകളും കോൺഗ്രെസ്സിനായിരുന്നു.. എന്നിരുന്നാലും കോൺഗ്രസ്സ് എല്ലാവിധ വൈവിധ്യങ്ങളും ഉൾകൊള്ളുന്ന പാർട്ടിയായിരുന്നു.

ഭരണഘടന നിർമ്മാണസഭയിൽ 8 പ്രധാനപ്പെട്ട കമ്മിറ്റികൾ ഉണ്ടായിരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഡ്രാഫ്റ്റിംഗ് കമ്മിറ്റിയായിരുന്നു. ഡോ. ബി. ആർ അംബേദ്കർ ആയിരുന്നു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ. ഓരോ കമ്മറ്റികളും ഭരണഘടനയുടെ പ്രത്യേക

Edit with WPS Office



വ്യവസ്ഥകളുടെ കരട് തയാറാക്കുകയും, ഭരണഘടന നിർമാണ സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തു. 1949 നവംബർ 26 ന് ഭരണഘടനാ നിർമ്മാണ സമിതി ഇന്ത്യൻ ഭരണഘടന അംഗീകരിച്ചു. 1950 ജനുവരി 26 ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു.

3. ഇന്ത്യൻ ഭരണഘടനയുടെ ശില്പി എന്നറിയപ്പെടുന്നത്? ഡോ. ബി. ആർ അംബേദ്കർ

4, ലക്ഷ്യപ്രമേയത്തെക്കുറിച്ച് വിവരിക്കുക.

1946 ഡിസംബർ 13 ന് ജവഹർലാൽ നെഹ്റുവാണ് ഭരണഘടന നിർമ്മാണ സഭയിൽ ലക്ഷ്യപ്രമേയമവതരിപ്പിച്ചത്. ഭരണഘടന നിർമ്മാണ സമിതിയുടെ ലക്ഷ്യങ്ങൾ എന്തായിരിക്കണമെന്നും, ഭരണഘടന ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളെന്തായിരിക്കണമെന്നും ലക്ഷ്യ പ്രമേയത്തിൽ ഉൾകൊള്ളുന്നു. ലക്ഷ്യ പ്രമേയത്തിലെ പ്രധാന ഇനങ്ങൾ താഴെ പറയുന്നവയാണ്.

- ഇന്ത്യ ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കാണ്.
- മുൻ ബ്രിട്ടീഷിന്ത്യൻ പ്രവശ്യകളുടെയും, നാട്ടുരാജ്യങ്ങളുടെയും, ഇന്ത്യയിൽ ചേരാനാഗ്രഹിക്കുന്ന പ്രദേശങ്ങളുടെയും യൂണിയനായിരിക്കും ഇന്ത്യ.
- യൂണിയനിൽ ചേരുന്ന പ്രദേശങ്ങൾക്ക് കേന്ദ്ര ഗവണ്മെന്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളൊഴികെയുള്ള വിഷയങ്ങളിൽ സ്വയംഭരണമുണ്ടായിരിക്കും.
- ഇന്ത്യയുടെ പരമാധികാരവും, ഭരണഘടനയും ജനങ്ങളിൽ നിന്നും ഉത്ഭവിക്കുന്നതാണ്.
- എല്ലാ വിഭാഗം ജനങ്ങൾക്കും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ നീതി ഉറപ്പാക്കണം.
- പിന്നോക്ക വിഭാഗക്കാർക്കും അധഃസ്ഥിതരായ ആളുകൾക്കും ഗോത്ര സമൂഹത്തിനും പ്രത്യേക സംരക്ഷണം നൽകണം.

**5. ഭരണഘടനയുടെ ആധികാരികതയെന്നാൽ എന്ത്? ഇന്ത്യൻ ഭരണഘടനയുടെ ആധികാരികത നിർണയിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?**

ഭരണഘടനയുടെ സമൂഹത്തിലെ സ്വീകാര്യതയാണ് ആധികാരികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആധികാരികത നിർണയിക്കുന്ന ഘടകങ്ങൾ താഴെ പറയുന്നു.

- **പ്രഖ്യാപന രീതി-** ഭരണഘടനാ നിർമ്മാണ സഭയിലെ വിശദമായ ചർച്ചകൾക്കും, സംവാദങ്ങൾക്കും ശേഷമാണ് ഭരണഘടന നിർമ്മിച്ചത്. പൊതു യുക്തിയായിരുന്നു സംവാദങ്ങളുടെ അടിസ്ഥാനം. അഭിപ്രായവ്യത്യാസങ്ങൾ സമവായത്തിലൂടെയോ, വോട്ടെടുപ്പിലൂടെയോ ആണ് പരിഹരിച്ചത്. പ്രായപൂർത്തി വോട്ടവകാശമാണ് സംവാദങ്ങളില്ലാതെ പാസ്സാക്കിയ ഏക വകുപ്പ്.
- **നടപടിക്രമങ്ങൾ-** ഭരണഘടനാനിർമ്മാണ സമിതിയിലെ 8 പ്രധാനപ്പെട്ട കമ്മിറ്റികൾ

Edit with WPS Office



വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്തു. അഭിപ്രായവ്യത്യാസങ്ങൾ സഭയിൽ പരിഹരിക്കുകയും, സമവായത്തിലെത്തിച്ചേരുകയും ചെയ്തു. സഭയിലെ ചർച്ചകൾ നിരീക്ഷിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും മാധ്യമങ്ങൾക്കും, പൊതുജനങ്ങൾക്കും അനുമതിയുണ്ടായിരുന്നു.

- **ദേശീയ പ്രസ്ഥാനത്തിൻറെ പൈതൃകം-** ഇന്ത്യൻ സ്വാതന്ത്ര സമരത്തലുയർത്തിപ്പിടിച്ച സ്വാതന്ത്രം, സമത്വം, മതേതരത്വം, സാർവ്വലൗകികത, ജനാധിപത്യം എന്നീ ആശയങ്ങൾ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- **സ്ഥാപനപരമായ ക്രമീകരണങ്ങൾ-** ഇന്ത്യൻ ഭരണഘടനയിൽ കാര്യനിർവഹണ വിഭാഗം, നിയമനിർമ്മാണ വിഭാഗം, നീതിന്യായ വിഭാഗം എന്നിവയ്ക്കിടയിൽ കൃത്യമായ അധികാര വിഭജനം നടത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്രവും, സംസ്ഥാനങ്ങളും തമ്മിലും കൃത്യമായ അധികാര വിഭജനം നടത്തിയിട്ടുണ്ട്.

**6. ഇന്ത്യൻ ഭരണഘടനയിലെ കടമെടുത്ത വ്യവസ്ഥകൾ ഏതെല്ലാം?**

- **ബ്രിട്ടീഷ് ഭരണഘടന- പാർലമെൻററി സമ്പ്രദായം, നിയമവാഴ്ച, കേവല ഭൂരിപക്ഷ വ്യവസ്ഥ, സ്പീക്കറുടെ സ്ഥാപനവും അദ്ദേഹത്തിന്റെ ചുമതലകളും, നിയമനിർമ്മാണ നടപടിക്രമം.**

- **അമേരിക്കൻ ഭരണഘടന- മൗലികാവകാശങ്ങൾ, ജുഡീഷ്യൽ റിവ്യൂ, നീതിന്യായ വിഭാഗത്തിലെ സ്വതന്ത്രത.**

- **ഫ്രഞ്ച് ഭരണഘടന - സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങൾ**

- **ഐറിഷ് ഭരണഘടന- നിർദ്ദേശകതത്വങ്ങൾ**

- **കനേഡിയൻ ഭരണഘടന- അ**ർദ്ധ-ഫെഡറൽ ഗവൺമെന്റ്, അവശിഷ്ടാധികാരം

## അദ്ധ്യായം 2- ഭരണഘടനയിലെ അവകാശങ്ങൾ

1, ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളേക്കുറിച്ച് വിവരിക്കുക?

ഒരു രാജ്യത്തെ ഭരണഘടന അനുവദിച്ചു നൽകുകയും, സംരക്ഷിക്കുകയും ചെയ്യുന്ന അവകാശങ്ങളാണ് മൗലികാവകാശങ്ങൾ. ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗത്താണ് മൗലികാവകാശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. 1928 ലെ നെഹ്റു കമ്മിറ്റി റിപ്പോർട്ടാണ് മൗലികാവകാശങ്ങൾ ഭരണഘടനയിലുൾപ്പെടുത്തണമെന്ന് ആദ്യമായി നിർദേശിച്ചത്. പ്രധാനമായും ആറ് തരം മൗലികാവകാശങ്ങളാണുള്ളത്.

**(a) സമത്വത്തിനുള്ള അവകാശം** (ആർട്ടിക്കിൾ 14 മുതൽ 18 വരെ). ഭരണഘടനയുടെ അടിസ്ഥാന പ്രമാണമാണ് സമത്വാവകാശം

ആർട്ടിക്കിൾ 14- നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരാണ്, നിയമം എല്ലാവർക്കും തുല്യ സംരക്ഷണം നൽകുന്നു. നിയമത്തിനു മുന്നിൽ സമത്വമെന്ന ആശയം ബ്രിട്ടീഷ് ഭരണ

Edit with WPS Office



ഘടനയിൽ നിന്നും, നിയമത്തിന്റെ തുല്യസംരക്ഷണമെന്ന ആശയം അമേരിക്കൻ ഭരണഘടനയിൽ നിന്നും കടമെടുത്തിട്ടുള്ളതാണ്.

ആർട്ടിക്കിൾ 15- പൊതുസ്ഥലങ്ങളിൽ ജാതിയുടെയോ, മതത്തിന്റേയോ, വർഗ്ഗത്തിന്റെയോ, പ്രദേശത്തിന്റേയോ പേരിൽ ഒരാളോടും വിവേചനം പാടില്ല.

ആർട്ടിക്കിൾ 16- ഗവൺമെൻറ് നിയമനങ്ങളിൽ എല്ലാവർക്കും തുല്യ അവസരം. എന്നാൽ സംവരണം പോലുള്ള നയങ്ങളെ സമത്വാവകാശത്തിനന്റെ ലംഘനമായി കാണാൻ കഴിയില്ലെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 16 (4) വ്യക്തമാക്കുന്നു.

ആർട്ടിക്കിൾ 17- അയിത്തം അഥവാ തൊട്ടുകൂടായ്മ നിയമം മൂലം നിരോച്ചിരിക്കുന്നു.

ആർട്ടിക്കിൾ 18- സൈനികപരവും, വിദ്യാഭ്യാസപരവുമായ ബഹുമതികൾ ഒഴികെ മറ്റു ബഹുമതികൾ ഗവൺമെൻറ് പൗരൻമാർക്ക് നൽകാൻ പാടില്ല.

**(b) സ്വാതന്ത്ര്യത്തിനുള്ള അവകാശം** (ആർട്ടിക്കിൾ 19 മുതൽ 22 വരെ)

ആർട്ടിക്കിൾ 19- ആർട്ടിക്കിൾ 19 'മൗലികാവകാശങ്ങളുടെ നട്ടെല്ല്' എന്നാണറിയപ്പെടുന്നത്. ഈ ആർട്ടിക്കിൾ ചില മൗലിക സ്വാതന്ത്ര്യങ്ങൾ പൗരന്മാർക്ക് അനുവദിച്ചിരിക്കുന്നു. അഭിപ്രായം പറയുവാനും പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം, സമാധാനമായി സമ്മേളിക്കാനുള്ള അവകാശം, സംഘടനകൾ രൂപീകരിക്കാനുള്ള അവകാശം, ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കുവാനുള്ള അവകാശം, ഇന്ത്യയിലെവിടെയും സ്ഥിരതാമസമാക്കാനുള്ള അവകാശം, ഇഷ്ടമുള്ള തൊഴിൽ ചെയ്യുന്നതിനുള്ള അവകാശം എന്നിവയാണിത്.

ആർട്ടിക്കിൾ 20- ആർട്ടിക്കിൾ 20 കുറ്റകൃത്യം ചെയ്തവരെ സംബന്ധിച്ചുള്ള സംരക്ഷണമാണ്. ആർട്ടിക്കിൾ 20 അനുസരിച്ച് ഒരു തെറ്റിന് ഒന്നിൽ കൂടുതൽ തവണ ഒരാളെ ശിക്ഷിക്കുവാൻ പാടില്ല. ഒരു വ്യക്തി കുറ്റം ചെയ്യുന്ന സമയത്ത് നിലനിൽക്കുന്ന നിയമമനുസരിച്ച് മാത്രമേ ശിക്ഷിക്കുവാൻ പാടുള്ളൂ. മാത്രമല്ല സ്വയം സാക്ഷി പറയുന്നതിന് കുറ്റാരോപിതനെ നിർബന്ധിക്കാനും പാടുള്ളതല്ല.

ആർട്ടിക്കിൾ 21- ആർട്ടിക്കിൾ 21 ജീവിക്കുന്നതിനും, വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം നൽകുന്നു. നിയമത്താൽ സ്ഥാപിതമായ നടപടിക്രമങ്ങളിലൂടെയല്ലാതെ ഏതൊരാളുടേയും ജീവനോ, വ്യക്തി സ്വാതന്ത്ര്യമോ ഹനിക്കാൻ പാടില്ല. 2002 ലെ 86 ആം ഭരണഘടന ഭേദഗതി പ്രകാരം വിദ്യാഭ്യാസത്തിനുള്ള അവകാശം ആർട്ടിക്കിൾ 21 A യിൽ ഉൾപ്പെടുത്തി.

ആർട്ടിക്കിൾ 22- നിയമവിരുദ്ധമായ അറസ്റ്റിൽ നിന്നും തടങ്കൽ വയ്ക്കൽ നിന്നുമുള്ള സംരക്ഷണം. ആർട്ടിക്കിൾ 22 പ്രകാരം അറസ്റ്റിന് ആസ്പദമായ കാരണം വ്യക്തിയെ ബോധിപ്പിക്കേണ്ടതാണ്. അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തിക്ക് അയാൾ തിരഞ്ഞെടുക്കുന്ന അഭിഭാഷകനുമായി ബന്ധപ്പെടുവാനും, അറസ്റ്റ് ചെയ്യപ്പെട്ടാൽ 24 മണിക്കൂറിനകം ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരാക്കപ്പെടുന്നതിനുള്ള അവകാശവും

Edit with WPS Office



ആർട്ടിക്കിൾ 22 ഉറപ്പു നൽകുന്നു.

**(c) ചൂഷണത്തിനെതിരെയുള്ള അവകാശങ്ങൾ** (ആർട്ടിക്കിൾ 23, 24 )

ആർട്ടിക്കിൾ 23- മനുഷ്യ കച്ചവടവും, കൂലി നൽകാതെയുള്ള നിർബന്ധിത ജോലിയും നിരോധിക്കുന്നു.

ആർട്ടിക്കിൾ 24- ബാലവേല നിരോധിച്ചിരിക്കുന്നു. 14 വയസ്സിൽ താഴെയുള്ള കുട്ടികളെക്കൊണ്ട് അപകടകരമായ ജോലികൾ ചെയ്യിക്കാൻ പാടില്ല

**(d) മതവിശ്വാസത്തിനുള്ള അവകാശം** (ആർട്ടിക്കിൾ 25 മുതൽ 28 വരെ) ഭരണഘടനയിൽ മതേതരത്വം വ്യക്തമാക്കുന്ന ആർട്ടിക്കിളുകളാണിവ.

ആർട്ടിക്കിൾ 25- ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും, പിന്തുടരുന്നതിനും, പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം.

ആർട്ടിക്കിൾ 26- മതപരമായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അവകാശം.

ആർട്ടിക്കിൾ 27- ഏതെങ്കിലും ഒരു പ്രത്യേക മതത്തെ പരിപോഷിപ്പിക്കുന്നതിനായി ഒരു വ്യക്തിയെയും നികുതി നൽകാൻ നിർബന്ധിക്കരുത്.

ആർട്ടിക്കിൾ 28- ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനം പടില്ല.

മതസ്വാതന്ത്ര്യം ചില നിയന്ത്രണങ്ങൾക്ക് വിധേയമായാണ് ക്രമസമാധാനം, ധാർമ്മികത, ആരോഗ്യം എന്നിവയെ സംരക്ഷിക്കുന്നതിനുവേണ്ടി മതസ്വാതന്ത്ര്യത്തിനുമേൽ സർക്കാരിന് ചില നിയന്ത്രണങ്ങൾ ചുമത്താൻ കഴിയും. ചില സാമൂഹിക തിന്മകൾ പിഴുതെറിയുന്നതിനും സർക്കാരിന് മതകാര്യങ്ങളിൽ ഇടപെടാം.

**(e) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ** (ആർട്ടിക്കിൾ 29,30)

ആർട്ടിക്കിൾ 29- ന്യൂനപക്ഷങ്ങൾക്ക് സ്വന്തം ഭാഷ, ലിപി, സംസ്കാരം എന്നിവ സംരക്ഷിക്കുന്നതിനുള്ള അവകാശം.

ആർട്ടിക്കിൾ 30- മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അവകാശം. സാമ്പത്തിക സഹായമനുവദിക്കുമ്പോൾ ഇത്തരം സ്ഥാപനങ്ങളോട് സർക്കാർ യാതൊരുവിധ വിവേചനവും കാണിക്കുവാൻ പാടില്ല.

**(f) ഭരണഘടനാപരമായി പരിഹാരങ്ങൾക്കുള്ള അവകാശം** (ആർട്ടിക്കിൾ 32)

ആർട്ടിക്കിൾ 32- ആർട്ടിക്കിൾ 32 നെ ഭരണഘടനയുടെ ഹൃദയവും, ആത്മാവുമെന്നാണ് അംബേദ്കർ വിശേഷിപ്പിച്ചത്. മൗലികാവകാശ ലംഘനമുണ്ടാകുകയാണെങ്കിൽ ഭരണഘടനാപരമായ പരിഹാരം കാണുന്നതിനുള്ളയവകാശം ആർട്ടിക്കിൾ 32 ഉറപ്പുനൽകുന്നു. മൗലികാവകാശലംഘനമുണ്ടായാൽ അത് പുനസ്ഥാപിച്ചു കിട്ടുന്നതിനായി

Edit with WPS Office



ഏതൊരു വ്യക്തിക്കും ഹൈക്കോടതിയെയോ, സുപ്രീം കോടതിയെയോ സമീപിക്കാവുന്നതാണ്.

2. മൗലികാവകാശങ്ങളുടെ സംരക്ഷണത്തിനായുള്ള റിട്ടുകളെക്കുറിച്ച് വിവരിക്കുക.

മൗലികാവകാശലംഘനമുണ്ടാവുകയാണെങ്കിൽ ആർട്ടിക്കിൾ 32 അനുസരിച്ച് സുപ്രീം കോടതിയെയും, ആർട്ടിക്കിൾ 226 അനുസരിച്ച് ഹൈക്കോടതിയെയും സമീപിക്കാവുന്നതാണ്. മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി റിട്ടുകൾ പുറപ്പെടുവിക്കാൻ സുപ്രീം കോടതിക്കും, ഹൈക്കോടതിക്കും അധികാരമുണ്ട്. ഈ റിട്ടുകളെക്കുറിച്ചു താഴെ പറയുന്നു.

- **ഹേബിയസ് കോർപ്പസ്-** അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ കോടതിക്കു മുൻപാകെ ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ട് കോടതി പുറപ്പെടുവിക്കുന്ന ഉത്തരവിനെയാണ് ഹേബിയസ് കോർപ്പസ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നിയമവിരുദ്ധമായി തടവിൽവയ്ക്കുന്നതിനെതിരായ ഉത്തരവാണിത്. ഭരണാധികാരികൾക്കെതിരെ മാത്രമല്ല, സ്വകാര്യവ്യക്തികൾക്കെതിരായും ഇത് പ്രയോഗിക്കാവുന്നതാണ്.

- **മാൻഡമസ്-** സർക്കാരുദ്യോഗസ്ഥർ തന്റെ കർത്തവ്യം നിറവേറ്റാതിരിക്കുന്നത് മൂലം മറ്റൊരു വ്യക്തിയുടെ അവകാശം ഹനിക്കപ്പെടുകയാണെങ്കിൽ കോടതി പുറപ്പെടുവിക്കുന്ന റിട്ടാണിത്.

- **പ്രൊഹിബിഷൻ-** കീഴ്ക്കോടതികൾ അധികാരപരിധി ലംഘിക്കുമ്പോൾ അതിനെ തടയുന്നതിനായി സുപ്രീം കോടതിയോ ഹൈക്കോടതിയോ പുറപ്പെടുവിക്കുന്ന റിട്ടാണിത്.

- **സെർേഷ്യാററി-** കീഴ്ക്കോടതിയിൽ പരിഗണനയിലിരിക്കുന്ന ഒരു കേസ് മേൽ കോടതിയിലേക്ക് മാറ്റുവാൻ പുറപ്പെടുവിക്കുന്ന റിട്ടാണിത്.

- **കോ വാറന്റോ-** പൊതു സ്ഥാപനങ്ങളിൽ ഒരു ഉദ്യോഗസ്ഥൻ അർഹതയില്ലാത്ത പദവികൾ വഹിക്കുന്നതിനെ തടയുന്നതിന് പുറപ്പെടുവിക്കുന്ന റിട്ടാണിത്.

3. മൗലികാവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച കമ്മിറ്റി? മോട്ടിലാൽ നെഹ്റു കമ്മിറ്റി റിപ്പോർട്ട് 1928

4. 1978 ലെ 44 ആം ഭരണഘടനാ ഭേദഗതി പ്രകാരം അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ സസ്പെൻഡ് ചെയ്യാൻ സാധിക്കാത്ത ആർട്ടിക്കിളുകൾ ഏതെല്ലാം? ആർട്ടിക്കിൾ 20, ആർട്ടിക്കിൾ 21

5. സ്വത്തവകാശം മൗലിക അവകാശമല്ലാതായിത്തീർന്നത് ഏത് ഭരണഘടനാഭേദഗതി പ്രകാരമാണ്?

1978 ലെ നാല്പത്തിനാലാം ഭരണഘടനാ ഭേദഗതി പ്രകാരം (സ്വത്തവകാശം നിയമാവകാശമായി ആർട്ടിക്കിൾ 300 A ഉൾപ്പെടുത്തിയിട്ടുണ്ട്)

Edit with WPS Office



6. സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും, നിയമനത്തിൽ സംവരണമേർപ്പെടുത്താൻ പതിനാറാം വകുപ്പ് രാഷ്ട്രത്തിന് അനുമതി നൽകുന്നതേതു പേരിലaറിയപ്പെടുന്നു? പരിരക്ഷാ വിവേചനം

7. കരുതൽ തടങ്കൽ എന്നാൽ എന്ത്?

ഒരു വ്യക്തി രാഷ്ട്രത്തിന്റെ സുരക്ഷയ്ക്കോ, ക്രമസമാധാനത്തിനോ ഭീഷണിയുയർത്തുമെന്ന് കണ്ടാൽ അയാളെ അറസ്റ്റ് ചെയ്യാനും വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാനുള്ള അധികാരമാണിത്. മൂന്നു മാസം വരെ ഒരു വ്യക്തിയെ കരുതൽ തടങ്കലിൽ സൂക്ഷിക്കാം. മൂന്ന് മാസങ്ങൾക്ക് ശേഷം ഈ കേസ് ഒരു ഉപദേശക സമിതിക്കു മുൻപാകെ പുനഃപരിശോധനയ്ക്ക് വിധേയമാക്കണം.

8. മൗലിക ചുമതലകൾ ഭരണഘടനയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച കമ്മിറ്റി?

സ്വരൺ സിങ് കമ്മിറ്റി.

9. മൗലികാവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായതെന്ന്?

1976 (നാല്പത്തി രണ്ടാം ഭരണഘടനാ ഭേദഗതി)

10. മൗലിക കർത്തവ്യങ്ങൾ ഏത് ആർട്ടിക്കിളിലാണ്? ആർട്ടിക്കിൾ 51 A

11. ഇന്ത്യൻ ഭരണഘടനയിൽ എത്ര മൗലിക കർത്തവ്യങ്ങൾ ഉണ്ട്? 11

12. പതിനൊന്നാമത്തെ മൗലിക കർത്തവ്യം ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയ ഭരണഘടനാ ഭേദഗതി? 2002 ലെ 86 ആം ഭരണഘടനാ ഭേദഗതി

13. പതിനൊന്നാമത്തെ മൗലിക കർത്തവ്യം പ്രതിപാദിക്കുന്നതെന്ത്?

6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് രക്ഷിതാക്കൾ വിദ്യാഭ്യാസം നൽകണം.

14. ഭരണഘടനയുടെ എത്രാം ഭാഗത്താണ് നിർദ്ദേശകതത്വങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്? നാലാം ഭാഗം (ആർട്ടിക്കിൾ 36 മുതൽ 51).

15. നിർദേശകതത്വങ്ങളുടെ പ്രധാന ലക്ഷ്യമെന്ത്?

ക്ഷേമരാഷ്ട്രം പടുത്തുയർത്തുകയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതി ഉറപ്പുവരുത്തുകയും ചെയ്യുക.

15. മൗലികാവകാശങ്ങളും, നിർദേശക തത്വങ്ങളും തമ്മിലുള്ള വ്യത്യാസം വിവരിക്കുക.

മൗലികാവകാശങ്ങൾ ഗവൺമെന്റിന്റെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. എന്നാൽ നിർദ്ദേശക തത്വങ്ങൾ ചില കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. മൗലികാവകാശങ്ങൾ വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുമ്പോൾ, നിർദ്ദേശകതത്വങ്ങൾ സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നു. മൗലികാവകാശങ്ങൾ

Edit with WPS Office



ന്യായവാദാർഹങ്ങളാണ്. ഇവ ലംഘിക്കപ്പെട്ടാൽ ഒരു വ്യക്തിക്ക് കോടതിയെ സമീപിക്കാം. നിർദേശകതത്വങ്ങൾ ന്യായവാദാർഹങ്ങളല്ല. ഇവ ലംഘിക്കപ്പെട്ടാൽ കോടതിയെ സമീപിക്കാൻ സാധിക്കില്ല.

16. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നതെന്ന്? 1993

17. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആദ്യ ചെയർമാൻ? രംഗനാഥ മിശ്ര

18. മനുഷ്യാവകാശ ദിനം എന്നാണ്? ഡിസംബർ 10

19. ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയതെന്ന്? 1948 ഡിസംബർ 10

## ആദ്ധ്യായം 3- തെരഞ്ഞെടുപ്പും പ്രാതിനിധ്യവും

1. തിരഞ്ഞെടുപ്പ് എന്നാൽ എന്ത്? വിവിധ തരത്തിലുള്ള തിരഞ്ഞെടുപ്പ് മാർഗങ്ങൾ ഏതെല്ലാം?

ഒരു ജനാധിപത്യ രാജ്യത്ത് ജനങ്ങൾ തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. ഈ പ്രതിനിധികൾ രാജ്യത്തിന്റെ ഭരണത്തിലും ഭരണനിർവ്വഹണത്തിലും ക്രിയാത്മകമായി പങ്കെടുക്കുകയും ചെയ്യുന്നു. ഇങ്ങനെ ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന മാർഗമാണ് തെരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പിന് വിവിധ മാർഗങ്ങൾ അവലംബിക്കാറുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവയാണ് കേവല ഭൂരിപക്ഷ വ്യവസ്ഥയും, ആനുപാതിക പ്രാതിനിധ്യ സമ്പ്രദായവും.

### a. കേവല ഭൂരിപക്ഷ വ്യവസ്ഥ

കേവല ഭൂരിപക്ഷ വ്യവസ്ഥ ആപേക്ഷിക ഭൂരിപക്ഷ വ്യവസ്ഥ അഥവാ ഫാസ്റ്റ് ഫാസ്റ്റ് ദി പോസ്റ്റ് സിസ്റ്റം എന്നും, ബഹുത്വ വ്യവസ്ഥ എന്നും അറിയപ്പെടുന്നു. ഈ സമ്പ്രദായത്തിൽ രാജ്യത്തെ വിവിധ നിയോജകമണ്ഡലങ്ങളായി തിരിക്കുന്നു. ഓരോ മണ്ഡലത്തിലേയും വോട്ടർമാർ സ്ഥാനാർഥികൾക്ക് വോട്ട് ചെയ്യുന്നു. ഓരോ മണ്ഡലത്തിലെയും സ്ഥാനാർഥികളിൽ ഏറ്റവും കൂടുതൽ വോട്ടു കിട്ടിയ ആൾ തിരഞ്ഞെടുക്കപെടുന്നു. അതായത് ഓരോ മണ്ഡലവും ഒരു പ്രതിനിധിയെയാണ് തിരഞ്ഞെടുക്കുന്നത്. ഇന്ത്യയിൽ ലോകസഭ, സംസ്ഥാന നിയമ നിർമാണ സഭ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് കേവല ഭൂരിപക്ഷ വ്യവസ്ഥ പ്രകാരമാണ്. ഉദാഹരണമായി ലോകസഭ തെരഞ്ഞെടുപ്പിൽ രാജ്യത്തെ മൊത്തം 543 നിയോജകമണ്ഡലങ്ങൾ ആയി വിഭജിച്ചിരിക്കുന്നു. ഓരോ നിയോജക മണ്ഡലവും ഒരു പ്രതിനിധിയെ വീതം തെരഞ്ഞെടുക്കുന്നു.

ഈ സമ്പ്രദായത്തിന്റെ വിമർശനമെന്നു പറയുന്നത് ധാരാളം സ്ഥാനാർത്ഥികൾ മത്സരരംഗത്തുള്ളപ്പോൾ വിജയിയാകുന്ന സ്ഥാനാർത്ഥിക്ക് പലപ്പോഴും ഭൂരിപക്ഷ വോട്ടുകൾ കിട്ടണമെന്നില്ല. അതായത് 50 ശതമാനത്തിൽ താഴെ വോട്ടുകളായിരിക്കും പലപ്പോഴും ലഭ്യമാവുക. പരാജയപ്പെടുന്ന സ്ഥാനാർഥികൾക്ക് അഥവാ സീറ്റുകൾ കിട്ടാതെ പോകുന്ന പാർട്ടികൾക്കു ലഭ്യമാകുന്ന വോട്ടുകൾ പാഴായി പോവുകയാണ് ചെയ്യുന്നത്. ഇത് പല വിഭാഗങ്ങൾക്കും പ്രാതിനിധ്യം ലഭ്യമാകാതെ പോകുന്നതിന് കാരണമാകുന്നു.

Edit with WPS Office



**b. ആനുപാതിക പ്രാതിനിധ്യം**

എല്ലാ വിഭാഗം ജനങ്ങൾക്കും അവരുടെ അംഗസംഖ്യയുടെ അനുപാതത്തിൽ പ്രാതിനിധ്യം നൽകുന്ന സമ്പ്രദായമാണ് ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥ. ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിൽ രാജ്യത്തെ മുഴുവൻ വിവിധ ബഹു അംഗ മണ്ഡലങ്ങൾ ആയി വിഭജിക്കുകയോ, രാജ്യത്തെ മുഴുവൻ ഒറ്റ നിയോജകമണ്ഡലമായി കണക്കാക്കുകയോ ചെയ്യുന്നു. ഒരു മണ്ഡലത്തിൽ നിന്ന് ഒന്നിൽ കൂടുതൽ സ്ഥാനാർഥികളെ തിരഞ്ഞെടുക്കുന്നു. ഇവിടെ വോട്ടർമാർ വോട്ട് ചെയ്യുന്നത് സ്ഥാനാർത്ഥികൾക്ക് അല്ല മറിച്ച് പാർട്ടികൾക്കാണ് വോട്ട് ചെയ്യുന്നത്. നിയമസഭയിൽ ഓരോ പാർട്ടിക്കും കിട്ടുന്ന സീറ്റുകളുടെ എണ്ണം ആ പാർട്ടിക്കു കിട്ടിയ വോട്ടുകളുടെ എണ്ണത്തിന് ആനുപാതികമായിരിക്കും. ഇതിന്റെ ഫലമായി സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് നിയമ നിർമ്മാണ സഭയിൽ പ്രാതിനിധ്യം ലഭ്യമാകുന്നു. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ലഭ്യമാകുന്നതിന് ഏറ്റവും ഉചിതമായ മാർഗമാണ് ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം. ഇന്ത്യയിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യ സഭയിലെ അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുന്നത് പരോക്ഷ തിരഞ്ഞെടുപ്പ് സമ്പ്രദായ പ്രകാരമാണ്.

2. കേവല ഭൂരിപക്ഷ വ്യവസ്ഥയും, ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസമെന്ത്?

- കേവല ഭൂരിപക്ഷ വ്യവസ്ഥയിൽ രാജ്യത്തെ ചെറിയ നിയോജകമണ്ഡലങ്ങളായി തരം തിരിക്കുന്നു. ഉദാഹരണമായി ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യയെ 543 നിയോജകമണ്ഡലങ്ങൾ ആയി വിഭജിച്ചിരിക്കുന്നു. ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിൽ രാജ്യത്തെ വലിയ നിയോജകമണ്ഡലങ്ങളായി വിഭജിക്കുകയോ, രാജ്യത്തെ മുഴുവൻ ഒറ്റ നിയോജകമണ്ഡലമായി പരിഗണിക്കുകയോ ചെയ്യുന്നു. ഉദാഹരണമായി ഇസ്രായേൽ, നെതർലാൻഡ് എന്നീ രാജ്യങ്ങളിൽ രാജ്യത്തെ മുഴുവൻ ഒരു ഏക നിയോജകമണ്ഡലമായി കണക്കാക്കുന്നു.

- കേവല ഭൂരിപക്ഷ വ്യവസ്ഥയിൽ വോട്ടർമാർ വോട്ട് ചെയ്യുന്നത് സ്ഥാനാർഥികൾക്കാണ്. എന്നാൽ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിൽ വോട്ടർമാർ വോട്ട് ചെയ്യുന്നത് രാഷ്ട്രീയ പാർട്ടിക്കാണ്. ആയതിനാൽ ഓരോ രാഷ്ട്രീയ പാർട്ടിയും മണ്ഡലത്തിലെ സ്ഥാനാർഥികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുന്നു.

- കേവല ഭൂരിപക്ഷ വ്യവസ്ഥയിൽ ഒരു മണ്ഡലത്തിൽനിന്നും ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു എന്നാൽ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിൽ ഒന്നിൽകൂടുതൽ പ്രതിനിധിയെ ഒരു മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കുന്നു.

- കേവല ഭൂരിപക്ഷ വ്യവസ്ഥയിൽ ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുന്നയാൾ നിയമനിർമ്മാണ സഭയിലേക്ക് തിരഞ്ഞെടുക്കപെടുന്നു. എന്നാൽ ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിൽ ഓരോ രാഷ്ട്രീയ പാർട്ടിക്കും അവർക്ക് ലഭ്യമായ വോട്ടിന് ആനുപാതികമായ സീറ്റുകൾ നിയമനിർമാണസഭയിൽ ലഭ്യമാകുന്നു

- കേവല ഭൂരിപക്ഷ വ്യവസ്ഥയിൽ ഒരു രാഷ്ട്രീയ പാർട്ടിക്ക് അവർക്ക് ലഭ്യമായ വോട്ടിംഗ്

Edit with WPS Office



ശതമാനത്തിന്റെ അനുപാതത്തേക്കാൾ കൂടുതൽ സീറ്റുകൾ നിയമനിർമാണസഭയിൽ ലഭ്യമാകാം. ഉദാഹരണമായി 1984 ലെ ലോക് സഭ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിക്ക് 543 സീറ്റുകളിൽ 415 സീറ്റുകൾ ലഭ്യമായി (ഏകദേശം 80 ശതമാനത്തോളം സീറ്റുകൾ). എന്നാൽ ആ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിക്ക് ലഭ്യമായ വോട്ട് വിഹിതം 48 ശതമാനം മാത്രമായിരുന്നു. എന്നാൽ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിൽ ഓരോ രാഷ്ട്രീയ കക്ഷിക്കും അവരുടെ വോട്ട് വിഹിതത്തിന് അനുസൃതമായിട്ടുള്ള സീറ്റുകൾ മാത്രമേ നിയമനിർമാണസഭയിൽ ലഭ്യമാകൂ. ഉദാഹരണത്തിന് ഇസ്രായേലിൽ വോട്ടുകൾ എണ്ണി കഴിഞ്ഞാൽ ഓരോ പാർട്ടിക്കും ലഭ്യമായ വോട്ടുകൾക്ക് ആനുപാതികമായി പാർലമെന്റിൽ സീറ്റുകൾ അനുവദിക്കുന്നു. ഓരോ പാർട്ടിയും ആനുപാതികമായി ലഭ്യമായ സീറ്റുകളിലേക്ക് തിരഞ്ഞെടുപ്പിന് മുൻപ് തന്നെ മുൻഗണനാക്രമത്തിൽ നിശ്ചയിച്ചിട്ടുള്ള സ്ഥാനാർഥികളുടെ പട്ടികയിൽനിന്നും പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു.

3. ലോകസഭാ മണ്ഡലങ്ങളുടെയും സംസ്ഥാന അസംബ്ലി കളുടെയും അതിർത്തി നിർണയിക്കുന്നതാര്? അതിർത്തി നിർണയ കമ്മീഷൻ

4. സാർവത്രിക വോട്ടവകാശത്തെ കുറിച്ച് വിവരിക്കുക?

ഒരു രാജ്യത്തെ പ്രായപൂർത്തിയായ ഏതൊരു പൗരനും ജാതി, മത, ലിംഗ, സാമുഹ്യ, സാമ്പത്തിക വ്യത്യാസമില്ലാതെ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശത്തെയാണ് ‘സാർവത്രിക വോട്ടവകാശം’ എന്ന് പറയുന്നത്. ഇന്ത്യൻ ഭരണഘടനയുടെ 326 ആം വകുപ്പ് ലോകസഭയിലേക്കും, നിയമസഭയിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശ ത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു.

5. ഇന്ത്യയിൽ വോട്ടവകാശത്തിനുള്ള കുറഞ്ഞ പ്രായം 21 നിന്നും 18 ആയി കുറച്ച ഭരണഘടനാഭേദഗതി?

1989 ലെ അറുപത്തിയൊന്നാം ഭരണഘടനാ ഭേദഗതി

6. ലോകസഭയിലേക്കും, സംസ്ഥാന നിയമനിർമ്മാണ സഭയിലേക്കും മത്സരിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി എത്ര? 25 വയസ്സ്

7. രാജ്യസഭയിലേക്ക് മത്സരിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി? 30 വയസ്സ്

8.തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിവരിക്കുക?

ഇന്ത്യൻ ഭരണഘടനയുടെ 324 വകുപ്പ് തെരഞ്ഞെടുപ്പ് കമ്മീഷനെക്കുറിച്ച് പ്രതിപാദിക്കുന്നു. 1989 വരെ തിരഞ്ഞെടുപ്പ് കമ്മീഷൻ ഏകാംഗ കമ്മീഷൻ ആയിരുന്നു. 1989 ലെ പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി രണ്ട് തിരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിച്ചു. എന്നാൽ തെരഞ്ഞെടുപ്പിന് ശേഷം വളരെ പെട്ടെന്ന് തന്നെയിത് ഏകാംഗ കമ്മീഷനായി പുനക്രമീകരിച്ചു. എന്നാൽ 1993 ൽ വീണ്ടും രണ്ടു തിരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിക്കുകയും തെരഞ്ഞെടുപ്പ് കമ്മീഷൻ വീണ്ടുമൊരു ബഹു അംഗ കമ്മീഷനായി. അന്നുമുതൽ ഇതൊരു ബഹു അംഗ കമ്മീഷൻ ആയി തുടരുന്നു. മുഖ്യ തിരഞ്ഞെടുപ്പ്

Edit with WPS Office



കമ്മീഷണർ, 2 കമ്മീഷണർമാർ ഉൾപ്പെടെ മൂന്നംഗ കമ്മീഷനാണ് ഇപ്പോൾ നിലവിലുള്ളത്. രാഷ്ട്രപതിയാണ് ഇവരെ നിയമിക്കുന്നത്. ഇവരുടെ കാലാവധി ആറു വർഷം അല്ലെങ്കിൽ 65 വയസ്സ് തികയുന്നത് വരെയാണ്. പാർലമെന്റ് ഇരുസഭകളും പ്രത്യേക ഭൂരിപക്ഷത്തോടെ ഒരു പ്രമേയം പാസാക്കിയാൽ രാഷ്ട്രപതിക്ക് തിരഞ്ഞെടുപ്പ് കമ്മീഷണറെ നീക്കം ചെയ്യാവുന്നതാണ്. തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലകൾ താഴെ വിവരിക്കുന്നു.

- സ്വതന്ത്രവും, നീതിപൂർവ്വകവും, നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് നടത്തുക.
- രാഷ്ട്രപതി, ഉപരാഷ്ട്രപതി, പാർലമെന്റ് അംഗങ്ങൾ, സംസ്ഥാന നിയമസഭാംഗങ്ങൾ എന്നിവരെ തിരഞ്ഞെടുക്കുന്നതിനുള്ള തിരഞ്ഞെടുപ്പു നടത്തുക.
- വോട്ടർ പട്ടിക തയ്യാറാക്കുക
- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തീയതികൾ നിശ്ചയിക്കുക.
- രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരം നൽകുകയും, അവയ്ക്ക് ചിഹ്നങ്ങൾ അനുവദിക്കുകയും ചെയ്യുക.
- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റചട്ടം നടപ്പിലാക്കുക.
- തിരഞ്ഞെടുപ്പ് ചിലവുകൾക്ക് പരിധി നിർണയിക്കുക.
- വോട്ടെണ്ണൽ നടത്തുകയും, തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുകയും ചെയ്യുക.

8. ഇന്ത്യയിലെ ആദ്യത്തെ തിരഞ്ഞെടുപ്പ് കമ്മീഷണർ ആര്? സുകുമാർ സെൻ

9. ഇന്ത്യയിലെ ആദ്യത്തെ വനിതാ തിരഞ്ഞെടുപ്പ് കമ്മീഷണർ? വി എസ് രമാദേവി

10. ഇന്ത്യയിൽ തെരഞ്ഞെടുപ്പ് സമ്പ്രദായം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത എന്ത്?

- കേവല ഭൂരിപക്ഷവ്യവസ്ഥയിൽ നിന്നും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിലേക്ക് തിരഞ്ഞെടുപ്പ് മാറ്റണമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. ഓരോ രാഷ്ട്രീയ കക്ഷിക്കും കിട്ടുന്ന സീറ്റുകൾ അവർക്ക് കിട്ടുന്ന വോട്ടുകൾക്ക് ആനുപാതികമായിരിക്കണമെന്നിവർ ആവശ്യപ്പെടുന്നു
- ഇന്ത്യൻ ജനതയുടെ പകുതിയോളം വരുന്ന സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം പാർലമെന്റിലും, അസംബ്ലികളിലും നൽകണം.
- തിരഞ്ഞെടുപ്പ് ചെലവുകൾ ഗവൺമെന്റിന്റെ പ്രത്യേക ഫണ്ടിൽ നിന്നായിരിക്കണം.
- കുറ്റവാളികളെ സ്ഥാനാർഥികളായി മത്സരിപ്പിക്കാൻ പാടില്ല.
- രാഷ്ട്രീയപാർട്ടികളിൽ ജനാധിപത്യ-മതേതര മൂല്യങ്ങളോടുള്ള പ്രതിബദ്ധത വളർത്തണം.
- തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ ജാതിപരവും, മതപരവുമായ വികാരങ്ങൾ

Edit with WPS Office



ഉപയോഗിക്കുന്നത് ഒഴിവാക്കണം

- രാഷ്ട്രീയപ്പാർട്ടികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുകയും, കണക്കുകൾ നിർബന്ധമായും ഓഡിറ്റിനു വിധേയമാക്കുകയും വേണം.

## അദ്ധ്യായം 4- കാര്യനിർവ്വഹണ വിഭാഗം (എക്സിക്യൂട്ടീവ്)

1. ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന കാര്യനിർവഹണ വിഭാഗത്തെ കുറിച്ച് വിവരിക്കുക?

നിയമനിർമ്മാണസഭ പാസ്സാക്കുന്ന നിയമങ്ങൾ നടപ്പിലാക്കുന്ന ഗവൺമെന്റിന്റെ വിഭാഗമാണ് കാര്യനിർവ്വഹണ വിഭാഗം. ഇന്ത്യയിൽ രണ്ടു തലങ്ങളിലുള്ള കാര്യനിർവ്വഹണ വിഭാഗങ്ങളുണ്ട്. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മന്ത്രിസഭ എന്നിവരുൾപ്പെടുന്ന കേന്ദ്ര കാര്യനിർവ്വഹണ വിഭാഗം അഥവാ യൂണിയൻ കാര്യനിർവ്വഹണ വിഭാഗവും, ഗവർണർ, മുഖ്യമന്ത്രി, മന്ത്രിസഭ എന്നിവ അടങ്ങിയ സംസ്ഥാന കാര്യനിർവ്വഹണ വിഭാഗവും. ഇവയെ രാഷ്ട്രീയ കാര്യനിർവ്വഹണ വിഭാഗമെന്നു വിളിക്കുന്നു. രാഷ്ട്രീയ കാര്യനിർവ്വഹണ വിഭാഗത്തെ നയങ്ങൾ രൂപീകരിക്കുവാനും, നടപ്പിലാക്കുവാനും സഹായിക്കുന്ന ഉദ്യോഗസ്ഥ വിഭാഗത്തെയാണ് സ്ഥിര കാര്യനിർവ്വഹണ വിഭാഗമെന്നു വിളിക്കുന്നു.

2. രാഷ്ട്രപതിയുടെ അധികാരങ്ങളെക്കുറിച്ച് വിവരിക്കുക?

രാഷ്ട്രത്തിന്റെ തലവനാണ് രാഷ്ട്രപതി. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ എക്സിക്യൂട്ടീവ് അധികാരങ്ങളും രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും അദ്ദേഹം നാമമാത്ര എക്സിക്യൂട്ടീവാണ്. പ്രധാനമന്ത്രി ഉൾപ്പെടുന്ന മന്ത്രിസഭയാണ് യഥാർത്ഥ എക്സിക്യൂട്ടീവധിക്കാരം കൈയാളുന്നത്. രാഷ്ട്രപതിയെ അഞ്ചു വർഷത്തേക്കാണ് തെരഞ്ഞെടുക്കുന്നത്. പാർലമെന്റിലെയും, സംസ്ഥാന നിയമസഭകളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളടങ്ങുന്ന ഒരു ഇലക്ടറൽ കോളേജാണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. പരോക്ഷ തിരഞ്ഞെടുപ്പുരീതിയായ ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിലെ ഏക കൈമാറ്റ വോട്ട് വഴിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ഭരണഘടനാ ലംഘന കുറ്റത്തിന്മേൽ പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടെ കൂടി രാഷ്ട്രപതിയെ പുറത്താക്കാവുന്നതാണ്. ഈ നടപടിയെ ഇംപീച്ച്മെന്റ് എന്നു പറയുന്നു. രാഷ്ട്രപതിയാവാനുള്ള കുറഞ്ഞ പ്രായപരിധി 35 വയസ്സാണ്. രാഷ്ട്രപതിയുടെ അധികാരങ്ങൾ താഴെ വിവരിക്കുന്നു.

- എല്ലാ പ്രധാന വിഷയങ്ങളെക്കുറിച്ചും, മന്ത്രിസഭയിലെ ചർച്ചകളെക്കുറിച്ചും വിവരങ്ങളറിയുവാനുള്ള അവകാശം രാഷ്ട്രപതിക്കുണ്ട്. മന്ത്രിസഭയുടെ തീരുമാനം രാജ്യത്തിന്റെ താല്പര്യങ്ങൾക്ക് നിരക്കുന്നതല്ലെന്ന് ബോധ്യമായാൽ പുനപരിശോധിക്കാൻ രാഷ്ട്രപതിക്ക് ആവശ്യപ്പെടാം.
- പാർലമെന്റ് പാസ്സാക്കുന്ന എല്ലാ ബില്ലുകളും രാഷ്ട്രപതി ഒപ്പിടുന്നതോടുകൂടി മാത്രമേ നിയമമാകുന്നുള്ളൂ.
- പാർലമെന്റ് പാസ്സാക്കുന്ന ധനകാര്യ ബില്ലുകളൊഴികെയുള്ള എല്ലാ ബില്ലുകളും തടഞ്ഞു

Edit with WPS Office



വയ്ക്കുകയോ, അനുമതി നിഷേധിക്കുകയോ ചെയ്യാൻ രാഷ്ട്രപതിക്ക് സാധിക്കും.

- രാഷ്ട്രപതിക്ക് ഓർഡിനൻസുകൾ പുറപ്പെടുവിക്കാനുള്ള അധികാരം ഉണ്ട്.
- പാർലമെന്റിൽ ഒരു കക്ഷികൾക്കും ഭൂരിപക്ഷമില്ലാത്ത സാഹചര്യത്തിൽ പ്രധാനമന്ത്രിയെ നിയമിക്കേണ്ടത് രാഷ്ട്രപതിയാണ്.
- പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ, സുപ്രീംകോടതിയിലെയും, ഹൈക്കോടതിയിലെയും, ജഡ്ജിമാർ, സംസ്ഥാന ഗവർണർമാർ, ഫിനാൻസ് കമ്മീഷണർ, അറ്റോർണി ജനറൽ, കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ എന്നിവരെല്ലാം നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
- കുറ്റവാളികൾക്ക് ശിക്ഷയിളവുചെയ്തു കൊടുക്കുവാനുള്ള അധികാരം രാഷ്ട്രപതിക്കുണ്ട്.
- അടിയന്തരാവസ്ഥ പ്രഖ്യാപിക്കുവാനുള്ള അധികാരം രാഷ്ട്രപതിക്കാണ്.

3. എന്താണ് പോക്കറ്റ് വീറ്റോ?

പാർലമെന്റ് പാസ്സാക്കുന്ന ധനകാര്യ ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകൾക്കും രാഷ്ട്രപതിയുടെ അനുമതി ആവശ്യമാണ്. രാഷ്ട്രപതിയുടെ അനുമതി ലഭിക്കാത്ത ഒരു ബില്ലും നിയമമാവുകയില്ല. എന്നാൽ രാഷ്ട്രപതിക്ക് സമർപ്പിക്കപ്പെടുന്ന ബില്ലുകൾ തിരിച്ചയക്കേണ്ട സമയപരിധിയെപ്പറ്റി ഭരണഘടനയിൽ സൂചനയൊന്നുമില്ല. ആയതിനാൽ ഏതു ബില്ലും തീർപ്പുകൽപ്പിക്കാതെ എത്ര കാലം വേണമെങ്കിലും കൈവശം വയ്ക്കാൻ രാഷ്ട്രപതിക്കു കഴിയും. ഇതിനെയാണ് 'പോക്കറ്റ് വീറ്റോ' എന്നറിയപ്പെടുന്നത്.

4. പ്രധാനമന്ത്രിയുടെ അധികാരങ്ങളെ കുറിച്ച് വിവരിക്കുക?

കേന്ദ്രമന്ത്രിസഭയുടെ തലവനായ പ്രധാനമന്ത്രിയാണ് യഥാർത്ഥ എക്സിക്യൂട്ടീവ് അധികാരം കയ്യാളുന്നത്. ലോകസഭയിൽ ഭൂരിപക്ഷം ലഭിക്കുന്ന കക്ഷിയുടെ അല്ലെങ്കിൽ മുന്നണിയുടെ നേതാവിനെയാണ് പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കുന്നത്. പ്രധാനമന്ത്രിയുടെ അധികാരങ്ങൾ താഴെപ്പറയുന്നു

- മന്ത്രിസഭാംഗങ്ങൾ ആരെല്ലാമായിരിക്കണമെന്നും, അവരുടെ വകുപ്പുകൾ ഏതെല്ലാമായിരിക്കണമെന്നും തീരുമാനിക്കുക.
- മന്ത്രിസഭയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
- ഗവൺമെന്റിന്റെ നയങ്ങൾ നിശ്ചയിക്കുക.
- ആഭ്യന്തര വിദേശ നയങ്ങൾ രൂപകൽപ്പന ചെയ്യുക.
- മന്ത്രിസഭയേയും, രാഷ്ട്രപതിയേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക.
- മന്ത്രിസഭയേയും പാർലമെന്റിനേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക.

Edit with WPS Office



5. പാർലമെന്റംഗമല്ലാത്ത ഒരാൾ മന്ത്രിയോ പ്രധാനമന്ത്രിയോ ആയി ചുമതലയേറ്റാൽ എത്ര കാലത്തിനുള്ളിൽ പാർലമെന്റിൽ അംഗത്വം നേടിയിരിക്കണം? 6 മാസത്തിനുള്ളിൽ

6. പരമാവധി എത്ര മന്ത്രിമാരെ വരെ മന്ത്രിസഭയിൽ ഉൾപ്പെടുത്താം?

2003 ലെ 91 ആം ഭരണഘടന ഭേദഗതിയനുസരിച്ച് മന്ത്രിമാരുടെ എണ്ണം ലോക സഭയുടെ ആകെ അംഗ സംഖ്യയുടെ 15 ശതമാനത്തിൽ കവിയാൻ പാടില്ല.

7. ആധുനിക കാലഘട്ടത്തിൽ ബ്യൂറോക്രസി അഥവാ സിവിൽ സർവീസിന്റെ പ്രാധാന്യം വിവരിക്കുക.

നയങ്ങൾ രൂപീകരിക്കാൻ മന്ത്രിമാരെ സഹായിക്കുകയും, അവ നടപ്പിലാക്കുകയും ചെയ്യുന്ന ഗവൺമെന്റിന്റെ ഉദ്യോഗസ്ഥ വിഭാഗത്തെയാണ് സ്ഥിരം എക്സിക്യൂട്ടീവ് അഥവാ ബ്യൂറോക്രസി എന്ന് വിളിക്കുന്നത്. സൈനിക സേവനത്തിൽ നിന്ന് ഇതിനുള്ള വ്യത്യാസം അടിവരയിടുന്നതിനാണ് ഇതിനെ സിവിൽസർവീസ് എന്ന് വിളിക്കുന്നത്. യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഈ ഉദ്യോഗസ്ഥാർക്ക് സ്ഥിരമായ ഔദ്യോഗിക കാലാവധിയുണ്ട്. ഗവൺമെന്റുകൾ മാറിമാറി വരുമ്പോഴും രാഷ്ട്രീയ നിഷ്പക്ഷതയോടെ ജനങ്ങളെ സേവിക്കുകയെന്നതാണ് ഇതിന്റെ പ്രധാന ധർമ്മം. ഗവൺമെന്റിന്റെ നയരൂപീകരണത്തിൽ മന്ത്രിമാരെ സഹായിക്കുകയും, ഈ നയങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നത് ഈ ഉദ്യോഗസ്ഥ വിഭാഗമാണ്.

7. സിവിൽ സർവ്വീസിന്റെ വർഗ്ഗീകരണത്തെക്കുറിച്ച് വിവരിക്കുക.

സിവിൽ സർവ്വീസിനെ പ്രധാനമായും മൂന്നു വിഭാഗമായി തരം തിരിച്ചിരിക്കുന്നു.

- **അഖിലേന്ത്യാ സർവ്വീസ്-** കേന്ദ്ര ഗവൺമെന്റിന്റെയും, സംസ്ഥാന ഗവൺമെന്റുകളുടെയും ആവശ്യത്തിനായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരാണ് അഖിലേന്ത്യാ സർവീസിലുൾപ്പെടുന്നത്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, ഇന്ത്യൻ പോലീസ് സർവ്വീസ് എന്നിവ ഉദാഹരണങ്ങളാണ്. ഇവർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്.

- **കേന്ദ്ര സർവ്വീസ്-** കേന്ദ്ര ഭരണ നിർവഹണം നടത്തുന്നതും, കേന്ദ്രത്തിന് പൂർണ്ണ നിയന്ത്രണമുള്ളതുമായ ഉദ്യോഗസ്ഥരാണ് കേന്ദ്ര സർവ്വീസിലുൾപ്പെടുന്നത്.

- **സംസ്ഥാന സർവ്വീസ്-** സംസ്ഥാന ഭരണ നിർവ്വഹണം നടത്തുന്ന ഗവൺമെന്റുദ്യോഗസ്ഥരുടെ വിഭാഗമാണ് സംസ്ഥാന സർവ്വീസ്. സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനാണ് ഇവരുടെ നിയമനങ്ങൾ നടത്തുന്നത്.

Edit with WPS Office



## അദ്ധ്യായം 5- നിയമനിർമ്മാണസഭ

### 1. പാർലമെന്റിന്റെ അധികാരങ്ങളെന്തെല്ലാം?

ഇന്ത്യയുടെ നിയമ നിർമ്മാണ സഭയാണ് പാർലമെന്റ്. ഇതൊരു ദ്വിമണ്ഡല സഭയാണ്. പാർലമെന്റിലെ ഉപരി മണ്ഡലം രാജ്യസഭ അഥവാ കൗൺസിൽ ഓഫ് സ്റ്റേറ്റ്സ് എന്നും, അധോമണ്ഡലം ലോകസഭ അഥവാ ഹൗസ് ഓഫ് പീപ്പിൾ എന്നുമറിയപ്പെടുന്നു.

- കേന്ദ്ര ലിസ്റ്റിലും, കൺകറന്റ് ലിസ്റ്റിലും, അവശിഷ്ട വിഷയങ്ങളിലും നിയമനിർമ്മാണം നടത്തുവാനുള്ള അധികാരം പാർലമെന്റിനുണ്ട്.
- അടിയന്തരാവസ്ഥഘട്ടങ്ങളിലും, ദേശീയ താല്പര്യം മാനിച്ചും, സംസ്ഥാനവിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം പാർലമെന്റിനുണ്ട്.
- എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുന്നത് പാർലമെന്റാണ്. മന്ത്രിമാരോട് ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള അവകാശം പാർലമെന്റിലെ അംഗങ്ങൾക്കുണ്ട്.
- ലോകസഭയുടെ ഭൂരിപക്ഷമുണ്ടെങ്കിലേ മന്ത്രിസഭയ്ക്ക് അധികാരത്തിൽ തുടരാൻ സാധിക്കൂ.
- കേന്ദ്ര ഗവൺമെനന്റിനെതിരെ അവിശ്വാസ പ്രമേയം പാസ്സാക്കുവാനുള്ള അധികാരം ലോക്സഭയക്കുണ്ട്.
- ലോകസഭയുടെ അധികാരമില്ലാതെ നികുതി ചുമത്താൻ പാടില്ല.
- കേന്ദ്ര ഗവൺമെന്റ് സമർപ്പിക്കുന്ന ബജറ്റ് പാസാക്കുന്നത് ലോകസഭയാണ്.
- ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരം പാർലമെന്റിനാണ്.
- രാഷ്ട്രപതിയുടെയും, ഉപരാഷ്ട്രപതിയുടെയും തിരഞ്ഞെടുപ്പിൽ പാർലമെന്റിന് നിർണായക പങ്കുണ്ട്.
- രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, നീക്കം ചെയ്യുന്നതിനുള്ള അധികാരം പാർലമെന്റിനാണ്
- സുപ്രീം കോടതിയിലെയും, ഹൈക്കോടതിയിലെയും ജഡ്ജിമാരെ നീക്കം ചെയ്യുവാനുള്ള അധികാരം പാർലമെന്റിനാണ്.

### 2. രാജ്യസഭയുടെ അധികാരങ്ങളെക്കുറിച്ച് വിവരിക്കുക?

രാജ്യസഭ ഇന്ത്യയുടെ സംസ്ഥാനങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഇതൊരു സ്ഥിര സഭയാണ്. ഓരോ അംഗങ്ങളുടെയും കാലാവധി ആറു വർഷമാണ്. രണ്ടു വർഷം കൂടുമ്പോൾ മൂന്നിലൊന്ന് അംഗങ്ങൾ പിരിഞ്ഞു പോകുന്നു. ഇതിലെ അംഗങ്ങളെ പരോക്ഷമായി തിരഞ്ഞെടുക്കുന്നു. സംസ്ഥാന നിയമനിർമ്മാണസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട

Edit with WPS Office



അംഗങ്ങളാണ് രാജ്യസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. 30 വയസ്സാണ് രാജ്യസഭയിലേക്ക് മത്സരിക്കാനുള്ള കുറഞ്ഞ പ്രായപരിധി. രാജ്യസഭയിലെ പരമാവധി അംഗസംഖ്യ 250 ആണ്. 238 പേരെ സംസ്ഥാനങ്ങളിൽ നിന്നും, കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്നു. 12 അംഗങ്ങളെ കല, സാഹിത്യം, സാമൂഹ്യ സേവനം എന്നീ മേഖലകളിൽ നിന്നും രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്നു. രാജ്യസഭയുടെ അധികാരങ്ങൾ താഴെ പറയുന്നു.

- ധനേതര ബില്ലുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ധന ബില്ലുകൾക്ക് ഭേദഗതി നിർദ്ദേശിക്കുന്നു.
- ഭരണഘടനാ ഭേദഗതികൾ അംഗീകരിക്കുക.
- ചോദ്യങ്ങൾ ചോദിച്ചു കൊണ്ടും, പ്രമേയങ്ങൾ അവതരിപ്പിച്ചു കൊണ്ടും കാര്യനിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കുക
- രാഷ്ട്രപതിയുടെയും, ഉപരാഷ്ട്രപതിയുടെയും തിരഞ്ഞെടുപ്പിൽ പങ്കാളികളാകുന്നു.
- ഉപരാഷ്ട്രപതിയെ നീക്കം ചെയ്യുന്ന പ്രക്രിയയ്ക്ക് മുൻകൈയെടുക്കുന്നത് രാജ്യസഭയാണ്.
- രാഷ്ട്രപതിയെയും, ഉപരാഷ്ട്രപതിയെയും, സുപ്രീംകോടതിയിലെയും, ഹൈക്കോടതിയിലെയും ജഡ്ജിമാരെ നീക്കം ചെയ്യുന്ന പ്രക്രിയയിൽ പങ്കാളികളാകുന്നു.

**രാജ്യസഭയ്ക്ക് മാത്രമുള്ള അധികാരങ്ങൾ**

- സംസ്ഥാന ലിസ്റ്റിലെ വിഷയങ്ങളിൽ നിയമനിർമ്മാണം നടത്തുന്നതിന് പാർലമെന്റിനെ ചുമതലപ്പെടുത്തുവാനുള്ള അധികാരം രാജ്യസഭയ്ക്കാണ്.
- സംസ്ഥാന ലിസ്റ്റിൽപ്പെട്ട ഏതെങ്കിലുമൊരു വിഷയം രാജ്യത്തിന്റെ പൊതുതാൽപര്യം പരിഗണിച്ച് യൂണിയൻ ലിസ്റ്റിലേക്കോ, കൺകറന്റ് ലിസ്റ്റിലേക്കോ മാറ്റാൻ പാർലമെന്റ് ആഗ്രഹിക്കുകയാണെങ്കിൽ രാജ്യസഭയുടെ അംഗീകാരം ആവശ്യമാണ്.

**3. ലോക സഭയുടെ അധികാരങ്ങളെക്കുറിച്ച് വിവരിക്കുക.**

ലോകസഭയിലെ അംഗങ്ങളെ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്നാണ് ഇവരെ തിരഞ്ഞെടുക്കുന്നത്. ലോകസഭയിലിപ്പോൾ 543 തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണുള്ളത്. ലോകസഭയുടെ കാലാവധി 5 വർഷമാണ്. 25 വയസ്സാണ് ലോക്സഭയിലേക്ക് മത്സരിക്കാനാവശ്യമായ കുറഞ്ഞ പ്രായപരിധി.

- യൂണിയൻ ലിസ്റ്റിലും, കൺകറന്റ് ലിസ്റ്റിലുമുൾപ്പെട്ട വിഷയങ്ങളിൽ നിയമനിർമ്മാണം നടത്തുന്നു.
- ധനകാര്യ ബില്ലുകളും, ധനേതര ബില്ലുകളും അവതരിപ്പിക്കുകയും, നിയമനിർമാണം നടത്തുകയും ചെയ്യുന്നു.

Edit with WPS Office



- നികുതി ചുമത്തൽ, വാർഷിക സാമ്പത്തിക കണക്കുകൾ, ബഡ്ജറ്റ് എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുന്നു.
- ചോദ്യങ്ങൾ, ഉപചോദ്യങ്ങൾ, പ്രമേയങ്ങൾ, അവിശ്വാസ പ്രമേയങ്ങൾ തുടങ്ങിയവയിലൂടെ കാര്യനിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കുന്നു.
- ഭരണഘടന ഭേദഗതി ചെയ്യുന്നു
- അടിയന്തരാവസ്ഥ പ്രഖ്യാപനത്തിനെ അംഗീകരിക്കുന്നു
- രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുക.
- രാഷ്ട്രപതി, ഉപരാഷ്ട്രപതി, സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാർ എന്നിവരെ നീക്കം ചെയ്യുന്ന പ്രക്രിയയിൽ പങ്കെടുക്കുക.
- കമ്മിറ്റികളെയും, കമ്മീഷനുകളെയും നിയമിക്കുകയും, അവയുടെ റിപ്പോർട്ടുകൾ പരിഗണിക്കുകയും ചെയ്യുന്നു.

**ലോകസഭയ്ക്ക് മാത്രമുള്ള അധികാരങ്ങൾ**

- ധന ബില്ലുകൾ ലോകസഭയിൽ മാത്രമേ അവതരിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.
- മന്ത്രിസഭയ്ക്ക് ലോകസഭയോടാണ് ഉത്തരവാദിത്വമുള്ളത്. മന്ത്രിസഭക്കെതിരെ അവിശ്വാസപ്രമേയം അവതരിപ്പിക്കുവാൻ ലോക്സഭയ്ക്ക് മാത്രമേ അധികാരമുള്ളൂ.

**4. എങ്ങനെയാണ് പാർലമെന്റ് നിയമം നിർമ്മിക്കുന്നത്?**

നിയമങ്ങൾ നിർമ്മിക്കുക എന്നതാണ് നിയമനിർമ്മാണ സഭയുടെ അടിസ്ഥാന ചുമതല. നിർമ്മിക്കാനുദ്ദേശിക്കുന്ന നിയമത്തിന്റെ ഒരു കരട് രൂപമാണ് ബില്ല്. ബില്ലിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കുന്നത് ബന്ധപ്പെട്ട മന്ത്രാലയമാണ്. ബില്ലുകൾ പാർലമെന്റിന്റ ഏത് സഭയിലും അവതരിപ്പിക്കാവുന്നതാണ്. ധനകാര്യ ബില്ലുകൾ ലോകസഭയിൽ മാത്രമേ അവതരിപ്പിക്കാൻ പാടുള്ളൂ. നിയമനിർമ്മാണ പ്രക്രിയയ്ക്ക് വ്യക്തമായ ഒരു നടപടിക്രമം ഉണ്ട്. ഇവ താഴെ പറയുന്നു.

**ബില്ല് ഒന്നാം സഭയിൽ**

- **ഒന്നാം വായന-** ബില്ലുകൾ പാർലമെന്റിന്റ ഏത് സഭയിലും ആ സഭയിലെ ഒരംഗത്തിന് അവതരിപ്പിക്കാവുന്നതാണ്. സാധാരണയായി മന്ത്രിയാണ് ബില്ല് അവതരിപ്പിക്കാറുള്ളത്. ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്ന ഘട്ടമാണ് ഒന്നാം വായന.
- **രണ്ടാം വായന-** ഈ ഘട്ടത്തിൽ ബില്ലിനെക്കുറിച്ചൊരു പൊതുചർച്ച നടക്കുകയും, ബില്ല് കമ്മിറ്റിക്ക് വിടുകയും ചെയ്യുന്നു. ബില്ലിനെക്കുറിച്ചുള്ള ചർച്ചകളുടെ പ്രധാന ഭാഗങ്ങൾ നടക്കുന്നത് കമ്മിറ്റികളിൽ വച്ചാണ്. കമ്മറ്റി നൽകുന്ന ശുപാർശകൾ പിന്നീട് സഭയുടെ അംഗീകാരത്തിനായി അയക്കുന്നു. അതുകൊണ്ടാണ് കമ്മറ്റികളെ 'മാതൃക നിയമനിർമാണസഭ' എന്ന് വിളിക്കുന്നത്.

Edit with WPS Office



- **മൂന്നാംവായന-** ബില്ല് പാസ്സാക്കിത്തരണമെന്ന പ്രമേയമാണ് മൂന്നാം വായനയിൽ അവതരിപ്പിക്കുന്നത്. ബില്ല് പാസ്സാക്കുന്നതിനായി വോട്ടിനിടുന്നു. സഭയിൽ ഹാജരായി വോട്ട് ചെയ്തവരുടെ ഭൂരിപക്ഷം കിട്ടിയാൽ ബില്ല് പാസ്സായതായി പ്രഖ്യാപിക്കുന്നു.

**ബില്ല് രണ്ടാം സഭയിൽ-** ബില്ല് ഒരു സഭ പാസ്സാക്കിക്കഴിഞ്ഞാൽ അത് അടുത്ത സഭയിലേക്ക് അയക്കുന്നു. അവിടെയും ഇതേ നടപടിക്രമങ്ങളിലൂടെ ഈ ബില്ല് കടന്നു പോവുകയും ചെയ്യുന്നു. ഒരു ബില്ല് നിയമമാകണമെങ്കിൽ രണ്ട് സഭകളും പാസ്സാക്കിയിരിക്കണം. പാർലമെന്റിലെ ഇരുസഭകളും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാവുകയാണെങ്കിൽ ഇരുസഭകളുടെയും സംയുക്ത സമ്മേളനം വിളിച്ചു ചേർക്കുന്നു. സംയുക്ത സമ്മേളനത്തിൽ ഹാജരായി വോട്ട് ചെയ്തവരിൽ ഭൂരിപക്ഷം ബില്ലിനെ അനുകൂലിച്ചാൽ ബില്ല് ഇരുസഭകളും പാസ്സാക്കിയതായി പ്രഖ്യാപിക്കുന്നു.

**പ്രസിഡന്റിന്റെ അനുമതി**- പാർലമെന്റിലെ ഇരുസഭകളും പാസ്സാക്കിയ ബില്ല് പ്രസിഡന്റിന്റെ അനുമതിക്കായി സമർപ്പിക്കുന്നു. അനുമതി ലഭിച്ചാൽ ബിൽ നിയമമാകുന്നു.

**ധനകാര്യ ബില്ലുകൾ**

ധനകാര്യ ബില്ലുകൾ ലോകസഭയിൽ മാത്രമേ അവതരിപ്പിക്കാൻ പാടുള്ളൂ. ലോക്സഭ പാസാക്കിയ ബില്ല് രാജ്യസഭയ്ക്ക് അയക്കുന്നു. ധനബില്ലിനെ രാജ്യസഭയ്ക്ക് അംഗീകരിക്കുകയോ, മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യാം. എന്നാൽ അത് തള്ളിക്കളയാൻ കഴിയില്ല. രാജ്യസഭ 14 ദിവസത്തിനകം ധനബില്ലിൽ നടപടി എടുത്തിട്ടില്ലെങ്കിൽ അത് രാജ്യസഭ പാസ്സാക്കിയതായി പരിഗണിക്കും. ധനബില്ലിൽ രാജ്യസഭ നിർദ്ദേശിക്കുന്ന ഭേദഗതികൾ ലോക്സഭയ്ക്ക് സ്വീകരിക്കുകയോ, സ്വീകരിക്കാതിരിക്കുകയോ ചെയ്യാം.

**5. പാർലമെന്റ് എങ്ങനെയാണ് കാര്യനിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കുന്നത്?**

ലോകസഭയിൽ ഭൂരിപക്ഷമുള്ള പാർട്ടിയോ, മുന്നണിയോവാണ് ഗവൺമെന്റ് രൂപീകരിക്കുന്നത്. ആയതിനാൽ കാര്യനിർവ്വഹണ വിഭാഗം അഥവാ എക്സിക്യൂട്ടീവ് ലോകസഭയോട് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു. പാർലമെന്റിന് പല മാർഗ്ഗങ്ങളിലൂടെ എക്സിക്യൂട്ടീവിനെ നിയന്ത്രിക്കാൻ സാധിക്കും.

- **പര്യാലോചനകളും ചർച്ചകളും-** നിയമ നിർമ്മാണ പ്രക്രിയയുടെ അവസരത്തിൽ സഭാംഗങ്ങൾക്ക് എക്സിക്യൂട്ടീവിന്റെ നയങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ അവസരം ലഭിക്കുന്നു. കൂടാതെ പാർലമെന്റിലെ ചോദ്യോത്തരവേളയിൽ സഭാംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ മന്ത്രിമാർ ബാധ്യസ്ഥരാണ്. ശൂന്യവേളയിൽ സഭാംഗങ്ങൾക്ക് പ്രധാനമെന്ന് കരുതുന്ന ഏത് വിഷയവും ഉന്നയിക്കാവുന്നതാണ്. എന്നാൽ ഇത്തരം വിഷയങ്ങൾക്ക് മറുപടി നൽകാൻ മന്ത്രിമാർക്ക് ബാധ്യത ഉണ്ടാവണമെന്നില്ല. പൊതു പ്രാധാന്യമുള്ള വിഷയങ്ങളെ ബന്ധപ്പെടുത്തി പാർലമെന്റിൽ നടക്കുന്ന അരമണിക്കൂർ ചർച്ച, അടിയന്തരപ്രമേയം തുടങ്ങിയവയും എക്സിക്യൂട്ടീവിനെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങളാണ്.

Edit with WPS Office



- **നിയമങ്ങൾ അംഗീകരിക്കൽ അല്ലെങ്കിൽ തിരസ്ക്കരികൽ-** പാർലമെന്റിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ഒരു ബിൽ നിയമമായി മാറുകയുള്ളൂ.
- **ധനപരമായ നിയന്ത്രണം-** ബഡ്ജറ്റിന് നിയമനിർമ്മാണസഭയുടെ അംഗീകാരം ആവശ്യമാണ്. ഗവൺമെന്റിന് പണം അനുവദിക്കുന്നതിന് മുമ്പ് അതിനുള്ള കാരണം ലോകസഭക്ക് ചർച്ച ചെയ്യാം. മാത്രമല്ല കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെയും, പബ്ലിക് അക്കൗണ്ട് കമ്മിറ്റികളുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോക്സഭയ്ക്ക് ഗവൺമെന്റിന്റ ധന ദുർവിനിയോഗത്തിനെതിരെ അന്വേഷണം നടത്താം.
- **അവിശ്വാസപ്രമേയം-** ലോക്സഭയ്ക്ക് എക്സിക്യൂട്ടീവിനെതിരെ അവിശ്വാസ പ്രമേയം പാസ്സാക്കാൻ സാധിക്കും. അവിശ്വാസ പ്രമേയം പാസ്സാകുകയാണെങ്കിൽ ഗവൺമെന്റ് രാജി വെക്കേണ്ടതാണ്.

## അദ്ധ്യായം 6-നീതിന്യായ വിഭാഗം

### 1. ജുഡീഷ്യറിയുടെ ധർമ്മങ്ങളെന്തെല്ലാം? ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു വിവരിക്കുക.

ഗവൺമെന്റിന്റെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് നീതിന്യായ വിഭാഗം. നീതിന്യായ വിഭാഗത്തിന്റെ ധർമ്മങ്ങൾ എന്തെല്ലാമാണെന്ന് താഴെ വിവരിക്കുന്നു.

- നിയമങ്ങളെ വ്യാഖ്യാനിക്കുക.
- ഭരണഘടനയെ വ്യാഖ്യാനിക്കുകയും, സംരക്ഷിക്കുകയും ചെയ്യുക
- നിയമവാഴ്ച സംരക്ഷിക്കുക.
- പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുക.
- വ്യക്തികൾ തമ്മിലും, വ്യക്തിയും രാഷ്ട്രവും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുക.
- കാര്യനിർവഹണ വിഭാഗവും, നിയമനിർമ്മാണ വിഭാഗവും പാസ്സാക്കുന്ന നിയമങ്ങൾ ഭരണഘടനാനുസൃതമാണോയെന്ന് പരിശോധിക്കുക

**ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം**

ജുഡീഷ്യറിയുടെ സ്വാതന്ത്ര്യന്നാൽ നിയമനിർമാണസഭയും, എക്സിക്യൂട്ടീവും ജുഡീഷ്യറിയുടെ നീതി നിർവ്വഹണത്തെ തടസ്സപ്പെടുത്താതിരിക്കുകയെന്നതാണ്. എങ്കിൽ മാത്രമേ ജഡ്ജിമാർക്ക് നിർഭയമായും, നിഷ്പക്ഷമായും ചുമതലകൾ നിർവ്വഹിക്കാൻ സാധിക്കൂ. ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ താഴെപ്പറയുന്നു

- ജഡ്ജിമാരുടെ നിയമനം രാഷ്ട്രീയാതീതമായിരിക്കണം.
- ജഡ്ജിമാർക്ക് നിശ്ചിതമായ ഔദ്യോഗിക കാലാവധി ഉണ്ടായിരിക്കണം.

Edit with WPS Office



- ദുഷ്ക്കരമായ നടപടിക്രമങ്ങളിലൂടെ മാത്രമേ ജഡ്ജിമാരെ പുറത്താക്കാൻ പാടുള്ളൂ.
- ജഡ്ജിമാർക്ക് ആകർഷകമായ ശമ്പളം നൽകിയിരിക്കണം. ഇത് കാര്യനിർവഹണ വിഭാഗത്തിന്റേയോ, നിയമനിർമാണ വിഭാഗത്തിന്റെയോ അംഗീകാരത്തിനു വിധേയമായിരിക്കരുത്.
- ജഡ്ജിമാരുടെ പ്രവർത്തനങ്ങളും, തീരുമാനങ്ങളും വിമർശന വിമുക്തമായിരിക്കണം.
- കോടതിയലക്ഷ്യ കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കുവാനുള്ള അധികാരം ജുഡീഷ്യറിക്കുണ്ടായിരിക്കണം.

**2. സുപ്രീം കോടതിയുടെ അധികാരങ്ങൾളെക്കുറിച്ച് വിവരിക്കുക**.

ഇന്ത്യയുടെ പരമോന്നത നീതി പീഠമാണ് സുപ്രീംകോടതി. സുപ്രീം കോടതി ജഡ്ജിമാരെ നിയമിക്കുന്നത് പ്രസിഡന്റാണ്. എന്നിരുന്നാലും ജഡ്ജിമാരുടെ നിയമനത്തിൽ കൊളീജിയാലിറ്റി സമ്പ്രദായമാണ് നിലനിൽക്കുന്നത്. ഇതു പ്രകാരം സുപ്രീംകോടതിയിലെ മുതിർന്ന നാല് ജഡ്ജിമാരുമായി കൂടിയാലോചിച്ചതിനുശേഷം ചീഫ് ജസ്റ്റിസ് ജഡ്ജിമാരായി നിയമിക്കപ്പെടേണ്ടവരുടെ പേരുകൾ പ്രസിഡന്റിന് നൽകുന്നു. സുപ്രീം കോടതി ജഡ്ജിയുടെ ഔദ്യോഗിക കാലാവധി 65 വയസ്സു വരെയാണ്. തെളിയിക്കപ്പെട്ട പെരുമാറ്റ ദൂഷ്യത്തിന് പാർലമെന്റിന്റെ ഇരുസഭകളുടെയും പ്രത്യേക ഭൂരിപക്ഷത്തോടെ സുപ്രീം കോടതിയിലെ ജഡ്ജിമാരെ പുറത്താക്കാൻ സാധിക്കുന്നതാണ്. സുപ്രീം കോടതിയുടെ അധികാരങ്ങൾ താഴെ പറയുന്നവയാണ്.

- **തനത് അധികാരങ്ങൾ-** സുപ്രീംകോടതിക്ക് മാത്രം കൈകാര്യം ചെയ്യാൻ സാധിക്കുന്ന കേസുകളാണ് തനത് അധികാരങ്ങൾ. സംസ്ഥാനങ്ങൾ തമ്മിലോ, സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെന്റും തമ്മിലോ ഉള്ള തർക്കങ്ങളിൽ തീർപ്പുകൽപ്പിക്കാനുള്ള അധികാരം സുപ്രീംകോടതിക്കാണ്. ഇത്തരം വിഷയങ്ങൾ പരിഗണിക്കാനുള്ള അധികാരം ഹൈക്കോടതികൾക്കോ, മറ്റ് കീഴ്ക്കോടതികൾക്കോ ഇല്ല.
- **അപ്പീൽ അധികാരം-** രാജ്യത്തെ ഏറ്റവും ഉന്നതമായ അപ്പീൽ കോടതിയാണ് സുപ്രീം കോടതി. ഭരണഘടനാപരമായ കേസുകൾ, സിവിൽ, ക്രിമിനൽ കേസുകൾ എന്നിവയിലെല്ലാം സുപ്രീംകോടതിക്ക് അപ്പീൽ അധികാരമുണ്ട്.
- **ഉപദേശ അധികാരം-** പൊതു പ്രാധാന്യമുള്ള ഏതൊരു വിഷയത്തെക്കുറിച്ചും, നിയമത്തെക്കുറിച്ചും പ്രസിഡന്റിന് സുപ്രീം കോടതിയുടെ അഭിപ്രായം ആരായാവുന്നതാണ്.
- **റിട്ട് അധികാരം-** മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി റിട്ടുകൾ പുറപ്പെടുവിക്കാനുള്ള അധികാരം സുപ്രീംകോടതിക്കുണ്ട്.

3. ജുഡീഷ്യൽ ആക്ടിവിസം എന്നാലെന്ത്?

പരമ്പരാഗതമായി തങ്ങൾക്ക് മുന്നിലെത്തുന്ന വ്യവഹാരങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിൽ

Edit with WPS Office



മാത്രം ഒതുങ്ങി നിന്നിരുന്ന നീതിന്യായ വിഭാഗം, പത്രവാർത്തകളുടെ അടിസ്ഥാനത്തിലും, തപാലിലൂടെ തങ്ങൾക്ക് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും, വ്യവഹാരങ്ങൾ പരിഗണിക്കാൻ ആരംഭിച്ചു. ഇതിനെയാണ് ജുഡീഷ്യൽ ആക്ടിവിസമെന്നു പറയുന്നത്. പൊതുതാൽപര്യ ഹർജികൾ ജുഡീഷ്യൽ ആക്ടിവിസത്തിനുള്ള പ്രധാന ഉപാധിയാണ്. നീതിന്യായ വ്യവസ്ഥയെ ജനാധിപത്യവൽക്കരിക്കുന്നതിനും, സാമൂഹിക പ്രശ്നങ്ങളിൽ കോടതികൾ ജാഗ്രത പുലർത്തുന്നതിനും, സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും ഇത് സഹായകമായി.

4. പൊതുതാൽപര്യ ഹർജികൾ എന്നാൽ എന്ത്?

ഒരു വ്യക്തിക്ക് അവകാശലംഘനമുണ്ടാവുകയാണെങ്കിൽ പരാതിയുള്ള വ്യക്തിക്ക് മാത്രമല്ല, പരാതിയുള്ളയാൾക്കു വേണ്ടി മറ്റുള്ളവർക്കും കോടതിയെ സമീപിക്കാവുന്നതാണ്. ഇതിൽ ഒരു പൊതു താല്പര്യമടങ്ങിയിട്ടുണ്ടെങ്കിൽ ഇത്തരം കേസുകളെ പൊതുതാൽപര്യ ഹർജികൾ എന്നുപറയുന്നു.

5. നീതിന്യായ പുനപരിശോധന എന്നാൽ എന്ത്?

പാർലമെന്റും, സംസ്ഥാന നിയമസഭകളും പാസ്സാക്കുന്ന നിയമങ്ങളുടെ ഭരണഘടനാപരമായ സാധുത പരിശോധിക്കാനുള്ള സുപ്രീംകോടതിയുടെയും, ഹൈക്കോടതികളുടെയും അധികാരത്തെയാണ് നീതിന്യായ പുനപരിശോധനാധികാരമെന്നു പറയുന്നത്. ഏതെങ്കിലും ഒരു നിയമം ഭരണഘടനയിലെ വകുപ്പുകൾക്കെതിരാണെന്നു കണ്ടാൽ അവ ഭരണഘടനാനുസൃതമല്ലെന്നും, അസാധുവാണെന്നും പ്രഖ്യാപിക്കാനുള്ള അധികാരമാണിത്.

6. ഭരണഘടനയുടെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്തുവാൻ പാർലമെന്റിനധികാരമില്ലെന്നു സുപ്രീംകോടതി പ്രഖ്യാപിച്ച കേസ്? കേശവാനന്ദ ഭാരതി കേസ് (1973)

## അദ്ധ്യായം 7- ഫെഡറലിസം

1. ഫെഡറലിസം എന്നാൽ എന്ത്? ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകൾ വിവരിക്കുക.

കേന്ദ്ര ഗവൺമെന്റിനും, സംസ്ഥാന ഗവൺമെന്റുകൾക്കുമായി അധികാരം വിഭജിച്ചു നൽകിയിട്ടുള്ള ഭരണസംവിധാനമാണ് ഫെഡറലിസം. ഫെഡറലിസത്തിൽ രണ്ടുതരം ഗവൺമെന്റുകൾ ഉണ്ടായിരിക്കും കേന്ദ്ര ഗവൺമെന്റും, പ്രാദേശിക ഗവൺമെന്റുകളും. ഓരോ ഗവൺമെന്റും തങ്ങളുടെ മേഖലയിൽ സ്വയം ഭരണം ഉള്ളവരായിരിക്കും. ഇന്ത്യൻ ഭരണഘടന ഒരു ഫെഡറൽ ഭരണഘടനയാണ്. ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകൾ താഴെ പറയുന്നവയാണ്.

- **ദ്വിഭരണസമ്പ്രദായം-** ഇന്ത്യയിൽ രണ്ടു തരത്തിലുള്ള ഗവൺമെന്റുകളുണ്ട്- കേന്ദ്ര ഗവൺമെന്റും, സംസ്ഥാന ഗവൺമെന്റുകളും. ഈ രണ്ട് ഗവൺമെന്റുകൾക്കും ഭരണഘടനാപരമായ പദവിയും, അധികാരവും നിർവചിച്ചിട്ടുണ്ട്.

Edit with WPS Office



- **അധികാര വിഭജനം-** ഇന്ത്യൻ ഭരണഘടന കേന്ദ്രത്തിനും, സംസ്ഥാനങ്ങൾക്കും അധികാരങ്ങൾ വിഭജിച്ചു നൽകിയിരിക്കുന്നു. നിയമനിർമാണം നടത്താവുന്ന വിഷയങ്ങളെ കേന്ദ്ര ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ്, സംസ്ഥാന ലിസ്റ്റ് എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

- **ഭരണഘടനാ മേധാവിത്വം-** കേന്ദ്രത്തിന്റെയും, സംസ്ഥാനങ്ങളുടെയും അധികാരങ്ങളുടെ ഉറവിടം ഭരണഘടനയാണ്.

- **സ്വതന്ത്ര നീതിന്യായ വിഭാഗം-** കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ അതിനെ തീർപ്പുകൽപ്പിക്കാൻ ഒരു സ്വതന്ത്ര നീതിന്യായ വ്യവസ്ഥ ഇന്ത്യയിലുണ്ട്. സുപ്രീം കോടതിയാണ് ഈ തർക്കത്തിൽ തീരുമാനമെടുക്കുന്നത്.

**2. അധികാര വിഭജനം എന്നാൽ എന്ത്?**

ഇന്ത്യൻ ഭരണഘടന ഭരണാധികാരങ്ങളെ കേന്ദ്രത്തിനും, സംസ്ഥാനങ്ങൾക്കുമായി വിഭജിച്ചു നൽകുന്നു. ഇവയെ പ്രധാനമായും മൂന്നായി തരംതിരിച്ചിരിക്കുന്നു.

- **യൂണിയൻ ലിസ്റ്റ്-** ഈ ലിസ്റ്റിൽ വരുന്ന ഇനങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനു മാത്രമേയുള്ളൂ. പ്രതിരോധം, ആണവോർജ്ജം, യുദ്ധവും സമാധാനവും, റെയിൽവേ, തപാൽ, വ്യോമയാനം, തുറമുഖങ്ങൾ, വിദേശ വ്യാപാരം, വിദേശകാര്യം, ബാങ്കിംഗ്, വാർത്താവിനിമയം, കറൻസി, ആദായനികുതി എന്നീ ഇനങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.

- **സംസ്ഥാന ലിസ്റ്റ്-** ഈ ലിസ്റ്റിൽ വരുന്ന ഇനങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം സംസ്ഥാന നിയമസഭയാണ്. ക്രമസമാധാനം, പോലീസ്, വാണിജ്യം, കൃഷി, മദ്യനിരോധനം, പ്രാദേശിക ഗവൺമെന്റ്, പൊതുജനാരോഗ്യം, മദ്യം, ജയിൽ, ഭൂമി, എന്നിവ ഈ വിഷയങ്ങളിലുൾപ്പെടുന്നു.

- **കൺകറന്റ് ലിസ്റ്റ്-** ഈ ലിസ്റ്റിൽപ്പെട്ട വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം കേന്ദ്രഗവൺമെന്റിനും, സംസ്ഥാനഗവൺമെന്റുകൾക്കുമുണ്ട്. വിദ്യാഭ്യാസം, വനം, തൊഴിൽ സംഘടനകൾ, വിവാഹം, മായം ചേർക്കൽ, ദത്തെടുക്കൽ, പിന്തുടർച്ചാവകാശം എന്നിവ ഈ ഇനത്തിൽപ്പെടുന്നു.

ഇവയിലൊന്നും പെടാത്ത അവശിഷ്ടാധികാരങ്ങളിൽ നിയമനിർമാണം നടത്താനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണ്.

**3. ഇന്ത്യൻ ഫെഡറലിസത്തിൽ കേന്ദ്രഗവൺമെന്റിനു അധികാരക്കൂടുതലുണ്ട്. സമർത്ഥിക്കുക.**

ഇന്ത്യൻ ഫെഡറലിസത്തിൽ കേന്ദ്ര ഗവൺമെന്റിന് കൂടുതൽ അധികാരം നൽകുന്നതിന് ഭരണഘടനാ നിർമ്മാതാക്കൾ ശ്രദ്ധിച്ചിരുന്നു. രാജ്യത്തിന്റെ വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്നതിനും, രാജ്യത്തെ ഏകീകരിക്കുന്നതിനും, സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും വേണ്ടിയായിരുന്നു ഇത്. കേന്ദ്ര ഗവൺമെന്റിന് അമിത

Edit with WPS Office



അധികാരം നൽകുന്ന വ്യവസ്ഥകൾ താഴെ പറയുന്നു

- സംസ്ഥാനങ്ങളുടെ ഭൂപരിധി നിർണ്ണയിക്കാനുള്ള അധികാരം പാർലമെന്റിനാണ്. ഒരു സംസ്ഥാനത്തെ വിഭജിച്ച് അല്ലെങ്കിൽ ഒന്നിലധികം സംസ്ഥാനങ്ങളെ കൂട്ടിച്ചേർത്തോ പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കാനുള്ള അധികാരം പാർലമെന്റിനുണ്ട്.

- അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള അധികാരം കേന്ദ്രത്തിനുണ്ട്. അടിയന്തരാവസ്ഥ സമയത്ത് സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലേക്ക് വരുന്നു.

- സംസ്ഥാന ലിസ്റ്റിൽ ഇടപെട്ട് നിയമനിർമാണം നടത്താനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനുണ്ട്.

- വരുമാനത്തിനന്റെ പ്രധാനപ്പെട്ട സ്രോതസ്സുകളെല്ലാം കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. അതുകൊണ്ടുതന്നെ സാമ്പത്തിക സഹായങ്ങൾക്ക് സംസ്ഥാന ഗവൺമെന്റുകൾ കേന്ദ്ര ഗവൺമെന്റിനെ ആശ്രയിക്കേണ്ടി വരുന്നു.

- ഗവർണർക്ക് സംസ്ഥാന ഗവൺമെന്റിനെയും നിയമസഭയേയും പിരിച്ചു വിടാൻ കേന്ദ്രത്തോട് ശുപാർശ ചെയ്യാവുന്നതാണ്.

- സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബിൽ കൈവശം വെക്കുവാനോ, രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാനോ ഗവർണർക്ക് അധികാരമുണ്ട്.

- അഖിലേന്ത്യാ സർവീസുകൾ അത്യന്തികമായി കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. ഈ ഉദ്യോഗസ്ഥർ സംസ്ഥാന സർവീസുകളിൽ സേവനം അനുഷ്ഠിക്കാറുണ്ട്. സംസ്ഥാനങ്ങൾക്ക് ഈ ഉദ്യോഗസ്ഥരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കാനോ, ജോലിയിൽ നിന്ന് പിരിച്ചു വിടാനോ കഴിയില്ല.

## അദ്ധ്യായം 8- ലോക്കൽ ഗവൺമെന്റ്

1. പ്രാദേശിക ഗവൺമെന്റുകളുടെ ആവശ്യകതയെന്ത്?

ഗ്രാമതലത്തിലും ജില്ലാതലത്തിലുമുള്ള ഗവൺമെന്റാണ് പ്രാദേശിക ഗവൺമെന്റ്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കാൻ സാധിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ്. പ്രാദേശിക ഗവൺമെന്റുകൾ ജനങ്ങളോട് അടുത്ത് നിൽക്കുകയും, പ്രാദേശിക പ്രശ്നങ്ങൾ എളുപ്പത്തിലും, വേഗത്തിലും പരിഹരിക്കാൻ സഹായകരമാകും ചെയ്യുന്നു. തദ്ദേശീയരായ ആളുകളുടെ അറിവും പങ്കാളിത്തവും ഭരണത്തിൽ ഉറപ്പു വരുത്താൻ പ്രാദേശിക ഗവൺമെന്റിലൂടെ സാധിക്കുന്നു. മാത്രമല്ല ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തവും, ചുമതലാ ബോധവും വർദ്ധിക്കുന്നതിനും പ്രാദേശിക ഗവൺമെൻറുകൾ സഹായകരമാകുന്നു.

Edit with WPS Office



2. ഇന്ത്യയിൽ പ്രാദേശിക ഗവൺമെന്റുകളുടെ വളർച്ചയെക്കുറിച്ച് വിവരിക്കുക?

1882 ൽ റിപ്പൺ പ്രഭു കൊണ്ടുവന്ന ഭരണപരിഷ്കാരങ്ങളാണ് ആധുനിക ഇന്ത്യയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടക്കമിടുന്നത്. 1919 ലെ ഇന്ത്യ ഗവൺമെന്റിന്റെ നിയമപ്രകാരം ഇന്ത്യയിലെ ഏതാനും പ്രവിശ്യകളിൽ വില്ലേജ് പഞ്ചായത്തുകൾ സ്ഥാപിക്കപ്പെട്ടു. 1935-ലെ ഇന്ത്യാ ഗവൺമെന്റ് നിയമത്തിലും ഈ പ്രവണത തുടർന്നു. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ സാമ്പത്തിക രാഷ്ട്രീയ അധികാരങ്ങളുടെ വികേന്ദ്രീകരണത്തിന് വേണ്ടി ഗ്രാമപഞ്ചായത്തുകൾ ശാക്തീകരിണമെന്ന് മഹാത്മാഗാന്ധി ശക്തമായി വാദിച്ചു. 1952 ആരംഭിച്ച കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം പ്രാദേശികതലത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തി. 1957 ലെ ബൽവന്ത് റായ് മേഹ്ത്ത കമ്മിറ്റിയാണ് ത്രിതല പഞ്ചായത്ത് രൂപീകരണത്തെക്കുറിച്ച് നിർദ്ദേശിച്ചത്. 1959 ൽ രാജസ്ഥാനാണ് ആദ്യമായി പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കിയത്. പിന്നീട് പല സംസ്ഥാനങ്ങളിലും തദ്ദേശ സമിതികൾ രൂപീകരിച്ചെങ്കിലും ഈ സമിതികൾക്ക് മതിയായ അധികാരങ്ങളും, ചുമതലകളും ഇല്ലായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകണമെന്ന് 1989 ൽ പി. കെ തുംഗൻ കമ്മിറ്റി നിർദേശിച്ചു. 1992 ൽ പാർലിമെന്റ് 73 ഉം, 74 ഉം ഭരണഘടനാ ഭേദഗതി പാസ്സാക്കി. 73 ആം ഭേദഗതി ഗ്രാമപ്രദേശങ്ങളിലെ പ്രാദേശിക ഭരണത്തെക്കുറിച്ചും, 74 ആം ഭേദഗതി നഗരപ്രദേശങ്ങളിലെ പ്രാദേശികഭരണത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. 1993-ൽ ഈ ഭരണഘടനാഭേദഗതികൾ നിലവിൽ വന്നു.

**3. ഭരണഘടനയുടെ 73- ആം ഭേദഗതിയെക്കുറിച്ച് വിവരിക്കുക.**

1992-ലെ എഴുപത്തിമൂന്നാം ഭരണഘടനാഭേദഗതി ഗ്രാമപ്രദേശങ്ങളിലെ പ്രാദേശിക ഭരണത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. 1993-ൽ എഴുപത്തിമൂന്നാം ഭരണഘടനാഭേദഗതി നിലവിൽ വന്നു.

- എഴുപത്തിമൂന്നാം ഭരണഘടനാഭേദഗതി എല്ലാ സംസ്ഥാനങ്ങളിലും ഒരു ഏകീകൃത ത്രിതല പഞ്ചായത്ത് രാജ് സമ്പ്രദായത്തിന് രൂപം നൽകി. ഗ്രാമീണ തലത്തിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്ത്, മധ്യസ്ഥാനത്തായി നിലകൊള്ളുന്ന ബ്ലോക്ക് പഞ്ചായത്ത് അഥവാ മണ്ഡൽ, ഏറ്റവും ഉയർന്ന തലത്തിലുള്ള ജില്ലാപഞ്ചായത്ത് എന്നിവയാണ് ഈ മൂന്നു തലങ്ങൾ. 20 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള സംസ്ഥാനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകൾ സ്ഥാപിക്കേണ്ട ആവശ്യമില്ല.

- 73 ആം ഭേദഗതി ഗ്രാമസഭകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. പ്രദേശത്തെ വോട്ടർമാരായി രജിസ്റ്റർ ചെയ്തിട്ടുള്ള പ്രായപൂർത്തിയായ എല്ലാ അംഗങ്ങളും ഗ്രാമസഭയിൽ ഉൾപ്പെടും.

- പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ മൂന്നു തലങ്ങളിലും ജനങ്ങൾ നേരിട്ടാണ് തെരഞ്ഞെടുക്കുന്നത്. ഇവയുടെ കാലാവധി 5 വർഷമാണ്.

- സ്ത്രീകൾക്കും, പട്ടികജാതി പട്ടികവർഗ്ഗകാർക്കും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ആവശ്യമെങ്കിൽ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം ഏർപ്പെടുത്താവുന്നതാണ്.

Edit with WPS Office



- പഞ്ചായത്തുകളുടെ അധികാരങ്ങളും, ചുമതലകളുമായി ബന്ധപ്പെട്ട 29 വിഷയങ്ങൾ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുത്തി. കൃഷി, ചെറിയതോതിലുള്ള ജലസേചനം, കുടിവെള്ളം, പ്രൈമറി സെക്കൻഡറി വിദ്യാഭ്യാസം, ഗ്രാമീണ വൈദ്യുതീകരണം, കുടുംബക്ഷേമം, സാമൂഹ്യക്ഷേമം, ഗ്രാമീണ ഭവന നിർമ്മാണം, റോഡുകൾ, കലുങ്കുകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.
- പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന ഗവൺമെന്റുകൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കേണ്ടതാണ്.
- പ്രാദേശിക ഗവൺമെന്റുകളുടെ ധനസ്ഥിതി പരിശോധിക്കുന്നതിനായി ഓരോ അഞ്ചു വർഷം കൂടുന്തോറും സംസ്ഥാന ഗവൺമെന്റ് സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിക്കണം.
- നഗരപ്രദേശങ്ങളിലെ പ്രാദേശിക ഗവണ്മെന്റുകളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടന ഭേദഗതി? 74 ആം ഭരണഘടന ഭേദഗതി
- തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് മത്സരിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി? 21 വയസ്സ്

## അദ്ധ്യായം 9- ഭരണഘടന ഒരു സജീവ പ്രമാണം എന്ന നിലയിൽ

### 1. ഭരണഘടന ഭേദഗതി എന്നാൽ എന്ത്? ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എന്തെല്ലാം?

ഭരണഘടന ഭേദഗതിയെന്നാൽ ഭരണഘടനയിലെ ഏതെങ്കിലും ഒരു ഭാഗത്തിന് മാറ്റം വരുത്തുകയോ, പുതിയ ഭാഗം കൂട്ടിച്ചേർക്കുകയോ, നിലവിലുള്ളതിനെ പരിഷ്കരിക്കുകയോ ചെയ്യുന്ന പ്രക്രിയയാണ്.

ഭരണഘടനാഭേദഗതി ഇന്ത്യൻ പാർലമെന്റിന്റെ ഏതു സഭയിലും അവതരിപ്പിക്കാവുന്നതാണ്. എന്നാൽ പാർലമെന്റിലെ ഇരുസഭകളുടെയും അംഗീകാരം ആവശ്യമാണ്. ഭേദഗതി പ്രസിഡന്റ് ഒപ്പു വയ്ക്കുന്നതോടെ പ്രാബല്യത്തിൽ വരുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 368 ഭരണഘടന ഭേദഗതി ചെയ്യേണ്ട രണ്ടു വ്യത്യസ്ത നടപടിക്രമങ്ങളെക്കുറിച്ച് വിവരിക്കുന്നു. എന്നാൽ ഭരണഘടനയുടെ ചില അനുച്ഛേദങ്ങൾ ആർട്ടിക്കിൾ 368 ൽ സൂചിപ്പിക്കുന്ന വ്യവസ്ഥകൾ പാലിക്കാതെ തന്നെ ഭേദഗതി വരുത്താൻ സാധിക്കും. ആയതിനാൽ 3 മാർഗങ്ങളിലൂടെ ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യാൻ സാധിക്കും.

**a. പാർലമെന്റിന്റെ കേവല ഭൂരിപക്ഷത്തോടെയുള്ള ഭരണഘടനാഭേദഗതി.**

ഭരണഘടനയിലെ ചില വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിന് പാർലമെന്റിലെ ഇരുസഭകളുടെയും കേവല ഭൂരിപക്ഷമെ ആവശ്യമുള്ളു. കേവല ഭൂരിപക്ഷമെന്നാൽ സഭയിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷം എന്നതാണ്. ഇരുസഭകളും പാസ്സാക്കിയ ബില്ല് പ്രസിഡന്റിന്റെ സമ്മതത്തിനായി സമർപ്പിക്കുന്നു. പ്രസിഡന്റ് അംഗീകരിക്കുന്നതോടെ ഭേദഗതി നിലവിൽ വരുന്നു. ആർട്ടിക്കിൾ 368 പ്രകാരമുള്ള

Edit with WPS Office



ഭരണഘടന ഭേദഗതി നടപടികളെക്കുറിച്ച് താഴെ വിവരിക്കുന്നു

**b. പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടെയുള്ള ഭരണഘടനാഭേദഗതി.**

ചില വകുപ്പുകൾ ഭേദഗതി ചെയ്യണമെങ്കിൽ പാർലമെന്റിലെ ഇരുസഭകളുടെയും പ്രത്യേക ഭൂരിപക്ഷം ആവശ്യമാണ്. പ്രത്യേക ഭൂരിപക്ഷമെന്നാൽ രണ്ടു വ്യത്യസ്ത തരത്തിലുള്ള ഭൂരിപക്ഷമാണ്. ഒന്നാമതായി സഭയുടെ മൊത്തം അംഗബലത്തിൽ ഏറ്റവും ചുരുങ്ങിയത് പകുതിപ്പേർ ബില്ലിനെ അനുകൂലിച്ച് വോട്ട് ചെയ്തിരിക്കണം. രണ്ടാമതായി പാർലമെന്റിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് വിഭാഗത്തിന്റെ പിന്തുണയും ആവശ്യമാണ്. ഉദാഹരണമായി ലോകസഭയിൽ 545 അംഗങ്ങളുണ്ട്. അതുകൊണ്ട് തന്നെ ഏത് ഭരണഘടനാഭേദഗതിക്കും 273 അംഗങ്ങളുടെ പിന്തുണ ഉണ്ടാവണം. ഭേദഗതിബില്ലിന്റെ വോട്ടെടുപ്പ് സമയത്ത് 300 അംഗങ്ങൾ മാത്രമേ സഭയിൽ ഹാജരായിട്ടുള്ളൂവെങ്കിലും ഭരണഘടനാഭേദഗതിക്ക് 273 അംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം.

**c. പാർലമെന്റിലെ പ്രത്യേക ഭൂരിപക്ഷവും, പകുതിയിൽ കുറയാത്ത സംസ്ഥാനങ്ങളുടെ അംഗീകാരവും.**

ചില വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിന് പാർലമെന്റിലെ പ്രത്യേക ഭൂരിപക്ഷവും, പകുതിയിൽ കുറയാത്ത സംസ്ഥാനങ്ങളുടെ അംഗീകാരവും ആവശ്യമാണ്. സംസ്ഥാന നിയമനിർമ്മാണ സഭകളുടെ കാര്യത്തിൽ കേവലഭൂരിപക്ഷം മാത്രമേ ഭരണഘടനാഭേദഗതി അംഗീകാരത്തിന് ആവശ്യമുള്ളൂ.

## അദ്ധ്യായം 10 ഇന്ത്യൻ ഭരണഘടനയുടെ തത്വശാസ്ത്രം

**1. ഇന്ത്യൻ ഭരണഘടനയുടെ വിമർശനങ്ങൾ എന്തെല്ലാം?**

- ഇന്ത്യൻ ഭരണഘടനയ്ക്ക് ഒതുക്കമില്ല. നിരവധി വിശദാംശങ്ങളും, പ്രയോഗങ്ങളും, പ്രസ്താവനകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൃഹത്തായ ഒരു പ്രമാണമാണിത്
- ഭരണഘടന നിർമ്മാണ സമിതിയിലെ അംഗങ്ങൾ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ ആയിരുന്നില്ല.
- ഇന്ത്യൻ ഭരണഘടന പാശ്ചാത്യ ഭരണഘടനയുടെ മാതൃകയിലുള്ളതാണ്. ഇന്ത്യൻ സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതല്ല.

**2. ഇന്ത്യൻ ഭരണഘടനയുടെ പരിമിതികൾ എന്തെല്ലാം?**

- ദേശീയ ഐക്യമെന്ന ഒരു കേന്ദ്രീകൃത ആശയം നമ്മുടെ ഭരണഘടനക്കുണ്ട്.
- ലിംഗനീതി പോലുള്ള, പ്രത്യേകിച്ച് കുടുംബത്തിനകത്തുള്ള ചില പ്രധാന പ്രശ്നങ്ങളെ ഭരണഘടന നിരാകരിച്ചതായി കാണുന്നു.
- ചില അടിസ്ഥാന സാമൂഹിക-സാമ്പത്തിക അവകാശങ്ങൾ മൗലികാവകാശങ്ങളായി പരിഗണിച്ചില്ല.

Edit with WPS Office



## അദ്ധ്യായം 11 രാഷ്ട്രീയ സിദ്ധാന്തം ഒരു ആമുഖം

1.എന്താണ് രാഷ്ട്രീയ സിദ്ധാന്തം?

ഭരണഘടന, ഗവൺമെന്റ്, സാമൂഹ്യജീവിതം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട ആശയങ്ങളുടെയും, തത്വങ്ങളുടെയും ശാസ്ത്രീയ വിശകലനമാണ് രാഷ്ട്രീയ സിദ്ധാന്തം. കൂടാതെ സ്വാതന്ത്ര്യം, സമത്വം, നീതി, മതേതരത്വം, ജനാധിപത്യം എന്നീ രാഷ്ട്രീയ മൂല്യങ്ങളുടെ അർത്ഥവും പ്രാധാന്യവും ഇത് വിശദീകരിക്കുന്നു.

2. രാഷ്ട്രീയ സിദ്ധാന്തത്തിൽ എന്താണ് നാം പഠിക്കുന്നത്?

- ഭരണഘടനകൾ, ഗവൺമെന്റ്, സാമൂഹ്യജീവിതം എന്നിവയ്ക്ക് രൂപംനൽകിയ ആശയങ്ങളെയും, തത്വങ്ങളെയും രാഷ്ട്രീയ സിദ്ധാന്തം പഠനവിധേയമാക്കുന്നു. കൂടാതെ സ്വാതന്ത്ര്യം, സമത്വം, നീതി, ജനാധിപത്യം, മതേതരത്വം തുടങ്ങിയ മൂല്യങ്ങൾക്ക് വ്യക്തമായ അർത്ഥങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.
- ഭരണഘടന ഉറപ്പു നൽകിയിട്ടുള്ള അവകാശങ്ങൾക്ക് സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി പുതിയ വ്യാഖ്യാനങ്ങളും, അർത്ഥതലങ്ങളും കണ്ടെത്തുക. ഉദാഹരണമായി ജീവനോപാധികൾക്കുള്ള അവകാശം കോടതികളുടെ വ്യാഖ്യാനത്തിലൂടെ ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമായി മാറി.
- ലോകത്തിന്റെ മാറ്റത്തിനനുസരിച്ച് സ്വാതന്ത്ര്യത്തിന് പുതിയ മാനങ്ങൾ കൈവന്നു. വിവരസാങ്കേതികവിദ്യയുടെ അത്ഭുത പൂർവ്വമായ വളർച്ചയുടെ ഫലമായി വ്യക്തി സുരക്ഷയ്ക്കും, സ്വകാര്യതയുടെ സംരക്ഷണത്തിനും നിയന്ത്രണങ്ങൾ ആവശ്യമായി വന്നു. ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള അവകാശം ആർക്കാണ്, എത്രമാത്രം നിയന്ത്രണങ്ങളാകാം എന്നീ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താൻ രാഷ്ട്രീയ സിദ്ധാന്തം നമ്മളെ സഹായിക്കുന്നു

## അദ്ധ്യായം 12- സ്വാതന്ത്ര്യം

### 1.സ്വാതന്ത്രം എന്നാൽ എന്ത്?

നിയന്ത്രണങ്ങളുടെ അഭാവമാണ് സ്വാതന്ത്ര്യം. എന്നാൽ സ്വാതന്ത്ര്യത്തിന് രണ്ട് തലങ്ങളുണ്ട്. ഒന്നാമത്തേത് ബാഹ്യമായ നിയന്ത്രണങ്ങളുടെ അഭാവത്തിൽ ഒരു വ്യക്തിക്ക് സ്വതന്ത്രമായി തീരുമാനമെടുക്കാനും, പ്രവർത്തിക്കാനുമുള്ള സാഹചര്യമാണ്. രണ്ടാമത്തേത് സ്വാതന്ത്ര്യത്തിന്റെ ക്രിയാത്മക തലമാണ്. ഇവിടെ ജനങ്ങൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാൻ കഴിയുന്ന സാഹചര്യം കൂടിയാണ് സ്വാതന്ത്ര്യം.

### 2. ഹാനി സിദ്ധാന്തം എന്നാൽ എന്ത്?

ജോൺ സ്റ്റുവർട്ട് മിൽ തന്റെ 'സ്വാതന്ത്ര്യത്തെപ്പറ്റി' എന്ന പ്രബന്ധത്തിലാണ് ഹാനി സിദ്ധാന്തത്തെ അവതരിപ്പിച്ചത്. ഇദ്ദേഹം ഒരാളുടെ പ്രവൃത്തികളെ രണ്ടായി തരം തിരിക്കുന്നു

Edit with WPS Office



- **സ്വസംബന്ധിയായ പ്രവർത്തികൾ**-ഒരു വ്യക്തിയുടെ പ്രവർത്തികളുടെ ഫലങ്ങൾ അയാളെ മാത്രം ബാധിക്കുന്നവയാണെങ്കിൽ അതിനെ സ്വസംബന്ധിയായ പ്രവർത്തികൾ എന്നു പറയുന്നു. സ്വസംബന്ധിയായ പ്രവർത്തനങ്ങളിൽ ഇടപെടാൻ രാഷ്ട്രത്തിനോ, അധികാരികൾക്കോ അവകാശമില്ല.
- **അപരസംബന്ധിയായ പ്രവർത്തികൾ**- ഒരു വ്യക്തിയുടെ പ്രവർത്തികൾ മറ്റുള്ളവരെ ബാധിക്കുന്നവയാണെങ്കിൽ അതിനെ അപര സംബന്ധിയായ പ്രവർത്തികൾ എന്ന് വിളിക്കുന്നു. അപര സംബന്ധിയായ പ്രവർത്തികൾ മറ്റുള്ളവരെ ബാധിക്കുന്നതാകയാൽ രാഷ്ട്രത്തിനോ, അധികാരികൾക്കോ ഇടപെടാൻ സാധിക്കും. മറ്റുള്ളവർക്ക് ഹാനികരമായ പ്രവർത്തനങ്ങളിൽ നിന്ന് ഒരു വ്യക്തിയെ തടയേണ്ട ചുമതല രാഷ്ട്രത്തിനുണ്ട്.

**3. നിഷേധാത്മകവും, ക്രിയാത്മകവുമായ സ്വാതന്ത്ര്യങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ത്?**

സ്വാതന്ത്ര്യത്തിനന്റെ രണ്ട് തലങ്ങളായ ബാഹ്യ നിയന്ത്രണങ്ങളുടെ അഭാവത്തിലുള്ള സ്വാതന്ത്രവും, വ്യക്തിത്വ വികസനത്തിനുള്ള അവസരം വ്യാപിപ്പിക്കുന്നതിനുള്ള സ്വാതന്ത്രവും രാഷ്ട്രീയ സിദ്ധാന്തത്തിൽ നിഷേധാത്മക സ്വാതന്ത്ര്യമെന്നും, ക്രിയാത്മക സ്വാതന്ത്ര്യമെന്നും അറിയപ്പെടുന്നു.

**നിഷേധാത്മക സ്വാതന്ത്ര്യം**- ബാഹ്യമായ യാതൊരു നിയന്ത്രണവുമില്ലാത്ത അവസ്ഥയാണ് നിഷേധാത്മക സ്വാതന്ത്ര്യമെന്നു പറയുന്നത്. ഒരാൾ ആഗ്രഹിക്കുന്നതെല്ലാം ചെയ്യാനുള്ള സ്വാതന്ത്ര്യമാണിത്. ഇതിൽ എല്ലാവിധ വിലക്കുകളെയും, ഇടപെടലുകളെയും എതിർക്കുന്നു. മറ്റുള്ളവർക്ക് ഇടപെടാൻ സാധിക്കാത്ത അലംഘനീയമായ മേഖലകളുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഈ മേഖലയ്ക്ക് പുറത്തുള്ള സമൂഹത്തിന്റെ അവസ്ഥകളെ ഇത് പരിഗണിക്കുന്നില്ല.

**ക്രിയാത്മക സ്വാതന്ത്ര്യം**- ഒരു വ്യക്തിക്ക് തന്റെ കഴിവുകൾ വികസിപ്പിക്കണമെങ്കിൽ ഭൗതികവും, രാഷ്ട്രീയവും, സാമൂഹികവുമായ മേഖലകളിൽ അനുകൂല സാഹചര്യങ്ങളുണ്ടാവണം. അതായത് ദാരിദ്ര്യത്തിൽ നിന്നും തൊഴിലില്ലായ്മയിൽ നിന്നും ഒരു വ്യക്തി മുക്തനായിരിക്കണം. ആ വ്യക്തിയുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും നിറവേറ്റുന്നതിനാവശ്യമായ ഭൗതിക വിഭവശേഷി ഉണ്ടായിരിക്കണം. മാത്രമല്ല ഒരു വ്യക്തിയുടെ ബുദ്ധിപരവും, മാനസികവുമായ വികാസത്തിന് ഒരു വ്യക്തിക്ക് വിദ്യാഭ്യാസ സൗകര്യങ്ങളും, അതിനോടനുബന്ധിച്ചുള്ള അവസരങ്ങളും ലഭിക്കേണ്ടതാണ്. ആയതിനാൽ സമൂഹത്തിനകത്ത് മാത്രമേ ഒരു വ്യക്തിക്ക് സ്വതന്ത്രനായിരിക്കാൻ കഴിയുവെന്ന് ക്രിയാത്മക സ്വാതന്ത്ര്യം തിരിച്ചറിയുന്നു. അതുകൊണ്ട് വ്യക്തിയുടെ വികാസത്തിന് പറ്റിയ രീതിയിൽ സമൂഹത്തെ മാറ്റിയെടുക്കണം. ഇവിടെ രാഷ്ട്രത്തിന്റെ ഇടപെടലുണ്ടാകുന്നു.

4. സ്വാതന്ത്ര്യം പോലെ തന്നെ പ്രധാനമാണ് സമത്വമെന്ന വാദിച്ചത് ആര്? കാൾ മാക്സ്

5. 1909 ൽ 'ഹിന്ദ്സ്വരാജ്' എന്ന പുസ്തകം രചിച്ചതാര്? ഗാന്ധിജി

6. ദക്ഷിണാഫ്രിക്കയിൽ വർണ്ണവിവേചനത്തിനെതിരെ പോരാടിയ നേതാവ്? നെൽസൺ

Edit with WPS Office



മണ്ഡേല.

7. 'സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘയാത്ര' അഥവാ 'ലോങ് വാക്ക് ടു ഫ്രീഡം' എന്ന ഗ്രന്ഥം രചിച്ചതാര്? നെൽസൺ മണ്ഡേല.

8. 'ഭയത്തിൽ നിന്നുള്ള മോചനം' അഥവാ 'ഫ്രീഡം ഫ്രം ഫിയർ' എന്ന ലേഖനത്തിലെ രചയിതാവ്? ആങ് സാൻ സൂകി

9. 'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് ഞാനത് നേടിയെടുക്കും' എന്ന് പ്രഖ്യാപിച്ചതാര്? ബാലഗംഗാധരതിലകൻ

10. 'ചെകുത്താനെ വചനങ്ങൾ' എന്ന നോവലിന്റെ രചയിതാവ്? സൽമാൻ റുഷ്ദി

11. 'സ്വാതന്ത്രത്തെപ്പറ്റി' എന്ന കൃതിയിലൂടെ ആവിഷ്കാര സ്വാതന്ത്ര്യത്തിനു വേണ്ടി വാദിച്ച ചിന്തകനാര്? ജെയിംസ് സ്റ്റുവർട്ട് മിൽ.

## അദ്ധ്യായം 13- സമത്വം

### 1.സമത്വം എന്നാൽ എന്ത്? വിവിധതരം സമത്വങ്ങളെ കുറിച്ച് വിവരിക്കുക

എല്ലാ മനുഷ്യരും തുല്യരാണെന്നും, എല്ലാവർക്കും തുല്യമായ ആദരവും, പരിഗണനയും, അവസരങ്ങളും ലഭിക്കണമെന്നുമുള്ള ആശയത്തെയാണ് സമത്വമെന്നു പറയുന്നത്. ജാതി, മതം, വർഗ്ഗം, സമ്പത്ത്, ദേശം എന്നിവയുടെ പേരിൽ വിവേചനം ഉണ്ടാകാൻ പാടില്ല. സമത്വത്തിന്റെ വിവിധ മാനങ്ങളെ കുറിച്ച് താഴെ വിവരിക്കുന്നു

**(a) രാഷ്ട്രീയ സമത്വം-** സ്വയം വികാസത്തിനും, രാഷ്ട്രീയ കാര്യങ്ങളിൽ പങ്കെടുക്കുവാനും പൗരന്മാരെ പ്രാപ്തരാക്കുന്നതിന് അനിവാര്യമാണെന്ന് കരുതപ്പെടുന്നവയാണ് രാഷ്ട്രീയ അവകാശങ്ങൾ. രാഷ്ട്രത്തിലെ എല്ലാ അംഗങ്ങൾക്കും തുല്യമായ രാഷ്ട്രീയ അവകാശങ്ങൾ അനുവദിച്ചു നൽകേണ്ടതാണ്. വോട്ട് ചെയ്യാനുള്ള അവകാശം, ആവിഷ്കാരസ്വാതന്ത്രം, തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അവകാശം, പൊതു പദവികൾ വഹിക്കുന്നതിനുള്ള അവകാശം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

**(b) സാമൂഹ്യ സമത്വം-** സമൂഹത്തിൽ എല്ലാവർക്കും തുല്യ പദവി ലഭിക്കുന്ന അവസ്ഥയെയാണ് സാമൂഹ്യ സമത്വമെന്നു പറയുന്നത്. ജാതി, മതം, വർഗം, നിറം, സ്വത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ ആർക്കും പ്രത്യേക പരിഗണന ലഭിക്കുന്നില്ല. അവസരസമത്വമാണ് സാമൂഹിക സമത്വത്തിന്റെ ഏറ്റവും പ്രധാന ഘടകം.

**(c) സാമ്പത്തിക സമത്വം-** രാഷ്ട്രത്തിന്റെ സമ്പത്ത് എല്ലാവരും തുല്യമായി അനുഭവിക്കണമെന്നാണ് സാമ്പത്തിക സമത്വത്തിന്റെ അർത്ഥം. എന്നാൽ സമ്പത്തിന്റെ അഥവാ വരുമാനത്തിന്റെ സമ്പൂർണ സമത്വം ഒരു സമൂഹത്തിലും നിലനിൽക്കുന്നില്ല. ആയതിനാൽ സാമ്പത്തിക വിഭവങ്ങൾ ചുരുക്കം ചിലരിൽ കേന്ദ്രീകരിക്കപ്പെടരുത് എന്നതാണ് സാമ്പത്തിക സമത്വത്തിന്റെ ചുരുക്കം. ദാരിദ്ര്യ നിർമ്മാർജ്ജനം, തുല്യ ജോലിക്ക് തുല്യവേതനം, വിശ്രമിക്കാനുള്ള അവകാശം, തൊഴിൽ ചെയ്യുന്നതിനുള്ള അവകാശം,

Edit with WPS Office



അർഹമായ കൂലി കിട്ടാനുള്ള അവകാശം, എന്നിവയെല്ലാം സാമ്പത്തിക സമത്വത്തിൽ ഉൾപ്പെടുന്നു.

3. സോഷ്യലിസം എന്നാൽ എന്ത്?

മുതലാളിത്ത വ്യവസ്ഥയ്ക്ക് എതിരെ ഉയർന്നുവന്ന രാഷ്ട്രീയ സിദ്ധാന്തമാണ് സോഷ്യലിസം. നിലവിലുള്ള അസമത്വങ്ങളെ എങ്ങനെ കുറയ്ക്കാം എന്നും വിഭവങ്ങളെ എങ്ങനെ നീതിപൂർവ്വമായി വിതരണം ചെയ്യാമെന്നുമുള്ളതാണ് സോഷ്യലിസത്തിന് പ്രധാന ചിന്തകൾ. സോഷ്യലിസത്തിനന്റെ വക്താക്കൾ കമ്പോള വ്യവസ്ഥയ്ക്ക് പൂർണ്ണമായും എതിരല്ലെങ്കിലും, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പ്രഥമ പരിഗണന അർഹിക്കുന്ന മേഖലകളിൽ ഗവൺമെന്റിന്റെ ചില നിയന്ത്രണങ്ങളും, ആസൂത്രണവും ആവശ്യമാണെന്നിവർ വാദിക്കുന്നു.

**4.സമത്വം വളർത്തിയെടുക്കാനുള്ള വിവിധ മാർഗങ്ങൾ ഏതെല്ലാം?**

**(a) ഔപചാരിക സമത്വം സ്ഥാപിക്കൽ-** ഔദ്യോഗികമായി അഥവാ നിയമംമൂലം എല്ലാ അസമത്വങ്ങളും ഇല്ലാതാക്കുകയെന്നതാണ് ഇതിനർത്ഥം. ഒട്ടുമിക്ക ആധുനിക ജനാധിപത്യ രാഷ്ട്രങ്ങളും സമത്വം എന്ന തത്വം ഔപചാരികമായി അംഗീകരിക്കുകയും ജാതി, വർഗ്ഗ, മത, ലിംഗ പരിഗണനകളില്ലാതെ എല്ലാ പൗരന്മാർക്കും തുല്യ പരിഗണന നൽകുകയും ചെയ്യുന്നു.

**(b) വ്യത്യസ്ത പരിഗണനകളിലൂടെയുള്ള സമത്വം-** ജനങ്ങൾക്ക് തുല്യ അവകാശങ്ങൾ ഉറപ്പുവരുത്തുമ്പോളും ചില സാഹചര്യങ്ങളിൽ വ്യത്യസ്ത പരിഗണനകൾ നൽകേണ്ടതുണ്ട്. സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാർക്ക് പ്രത്യേകം സംരക്ഷണം നൽകുന്നതിലൂടെ മാത്രമേ തുല്യത കൈവരിക്കാൻ സാധിക്കൂ. ഇതിനെയാണ് വ്യത്യസ്ത പരിഗണന എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ഇന്ത്യൻ ഭരണഘടനയിലെ സംവരണ നയം ഇതിനുദാഹരണമാണ്.

**അനുകൂലാത്മക നടപടി.** നിയമം മുഖേന സമത്വം സ്ഥാപിക്കാമെങ്കിലും സമൂഹത്തിൽ വേരുറപ്പിച്ചിട്ടുള്ള അസമത്വങ്ങൾ തുടച്ചുമാറ്റാൻ ചില ക്രിയാത്മക നടപടികൾ ആവശ്യമാണ്. ഇതിനെയാണ് അനുകൂലാത്മകമായ നടപടികളെന്നു പറയുന്നത്. പിന്നോക്ക വിഭാഗക്കാർക്ക് നൽകുന്ന സ്കോളർഷിപ്പ്, ഹോസ്റ്റൽ സൗകര്യങ്ങൾ, തൊഴിലുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൽകുന്ന പ്രത്യേക പരിഗണന എന്നിവയെല്ലാം ഇതിനുദാഹരണങ്ങളാണ്.

5. ഫ്രഞ്ച് വിപ്ലവത്തിന്റെ മുദ്രാവാക്യം ഏതായിരുന്നു? സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം

## അദ്ധ്യായം 14 സാമൂഹികനീതി

### 1. നീതി എന്നാൽ എന്ത്? നീതിയുടെ മൂന്നു തത്വങ്ങൾ ഏതെല്ലാം.

നീതി എന്നതുകൊണ്ടർത്ഥമാക്കുന്നത് ഓരോ വ്യക്തിക്കും നിലവിലുള്ള നിയമവ്യവസ്ഥയ്ക്ക് അനുസൃതമായി അവന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പൂർത്തീകരിക്കുന്നതിനുള്ള അവസരവും, അവന്റെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നതിൽ നിന്നുള്ള സംരക്ഷണവുമാണ്. ഓരോ വ്യക്തിക്കും അവൻ അർഹിക്കുന്നത് നൽകുക എന്നതാണ് നീതിയുടെ ഒരു പ്രധാന ആശയം. എല്ലാവരുടെയും ക്ഷേമത്തിലും, ഐശ്വര്യത്തിലുമാണ് നീതി കുടികൊള്ളുന്നത്.

Edit with WPS Office



നീതിയുടെ മൂന്ന് തത്വങ്ങൾ താഴെപ്പറയുന്നു

**(a) തുല്യരോട് തുല്യപരിഗണന-** തുല്യ രോട് തുല്യപരിഗണന എന്നതുകൊണ്ടർത്ഥമാക്കുന്നത് മനുഷ്യരെന്ന നിലയിൽ എല്ലാവരും ചില സവിശേഷതകൾ പങ്കുവയ്ക്കുന്നു. അതിനാൽ അവർ തുല്യ അവകാശങ്ങളും, തുല്യ പരിഗണനകളും അർഹിക്കുന്നു. ആയതിനാൽ പൗരാവകാശങ്ങൾ, രാഷ്ട്രീയ അവകാശങ്ങൾ അവസരസമത്വം സാമൂഹിക അവകാശങ്ങൾ എന്നിവയെല്ലാം എല്ലാവർക്കും തുല്യമായി അനുവദിക്കണം. എന്നാൽ തുല്യ അവകാശങ്ങളെ കൂടാതെ തുല്യരോട് തുല്യപരിഗണന എന്നതുകൊണ്ടർത്ഥമാക്കുന്നത് ജനങ്ങളെ വിലയിരുത്തേണ്ടത് അവരുടെ തൊഴിലിനെയും, പ്രവർത്തികളുടെയും അടിസ്ഥാനത്തിലായിരിക്കണമെന്നും, ജാതി, മത, വർഗ്ഗ, ലിംഗ വ്യത്യാസങ്ങളുടെ പേരിലായിരിക്കരുതെന്നുമാണ്. അതായത് ഒരേ ജോലി ചെയ്യുന്ന രണ്ട് പേർക്ക് ജാതി, മത, വർഗ്ഗ, ലിംഗ വ്യത്യാസങ്ങൾ പരിഗണിക്കാതെ ഒരേ പ്രതിഫലം നൽകണം.

**(b) അനുപാതിക നീതി-** എല്ലാവർക്കും തുല്യ പരിഗണന എന്നത് എല്ലാ സാഹചര്യങ്ങളിലും പ്രായോഗികമാക്കാൻ സാധിക്കുകയില്ല. തുല്യ ജോലിക്ക് തുല്യ പ്രതിഫലമെന്നതുപോലെ വ്യത്യസ്ത ജോലികൾക്ക് വ്യത്യസ്ത പ്രതിഫലം നൽകുന്നതാണ് ന്യായവും നീതിയുക്തവും. ഓരോരുത്തർക്കും അവരവരുടെ പ്രയത്നത്തിന്റെ അളവും, മേന്മയും അടിസ്ഥാനപ്പെടുത്തി അതിന് ആനുപാതികമായ പ്രതിഫലം നൽകണം. സമൂഹം നീതിനിഷ്ഠമാകണമെങ്കിൽ തുല്യപരിഗണന എന്ന തത്വവും ആനുപാതിക നീതി എന്ന തത്വവും തമ്മിൽ സന്തുലിതാവസ്ഥ നില നിർത്തേണ്ടതാവശ്യമാണ്.

**(c) പ്രത്യേക ആവശ്യങ്ങൾ അംഗീകരിക്കൽ-** പ്രതിഫലങ്ങളും, ചുമതലകളും വിതരണം ചെയ്യുമ്പോൾ ജനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കണം. തുല്യരെ തുല്യരായി പരിഗണിക്കുമ്പോൾ വൈകല്യങ്ങളോ, അവശതകളോ ഉള്ള ആളുകളെ പ്രത്യേകമായി പരിഗണിക്കണം. സമൂഹത്തിൽ മുന്നോക്കം നിൽക്കുന്നവരെയും. പിന്നോക്കം നിൽക്കുന്നവരെയും തുല്യരായി പരിഗണിച്ചാൽ സമൂഹത്തിൽ അസമത്വം നിലനിൽക്കും. ഇന്ത്യയിൽ പിന്നോക്ക വിഭാഗക്കാർക്ക് നൽകുന്ന സംവരണം പ്രത്യേക ആവശ്യങ്ങൾ അംഗീകരിക്കലിന് ഉദാഹരണമാണ്.

2. 'ദ റിപ്പബ്ലിക് 'എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്? പ്ലേറ്റോ

## അദ്ധ്യായം 15- അവകാശങ്ങൾ

### 1.അവകാശങ്ങൾ എന്നാൽ എന്ത്? വിവിധതരം അവകാശങ്ങളെ കുറിച്ച് വിവരിക്കുക

നീതികരിക്കാവുന്നതും, നിയമപരവുമായ അവകാശവാദങ്ങളാണ് അവകാശങ്ങൾ. അവകാശങ്ങൾക്ക് രാഷ്ട്രത്തിന്റെയും, സമൂഹത്തിന്റെയും അംഗീകാരമുണ്ടായിരിക്കണം. ചുരുക്കത്തിൽ 'രാഷ്ട്രം അംഗീകരിച്ചിട്ടുള്ള അവകാശവാദങ്ങളാണ് അവകാശങ്ങൾ'. അന്തസ്സുള്ള ജീവിതം നയിക്കുന്നതിനും, വ്യക്തിത്വ വികസനത്തിന് ആവശ്യവുമായ അവകാശവാദങ്ങളാണ് അവകാശങ്ങൾ. അവകാശങ്ങളുടെ ലക്ഷ്യം വ്യക്തിയുടെയും, സമൂഹത്തിന്റെയും ക്ഷേമമാണ്.

Edit with WPS Office



**(a) രാഷ്ട്രീയ അവകാശങ്ങൾ-** വോട്ടവകാശം, തിരഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള അവകാശം, രാഷ്ട്രീയകക്ഷികൾ രൂപീകരിക്കാനുള്ള അവകാശം, ഗവൺമെന്റ് ഉദ്യോഗം വഹിക്കുന്നതിനുള്ള അവകാശം, അഭിപ്രായം പറയാനുള്ള അവകാശം, വിമർശിക്കാനുള്ള അവകാശം, പരാതിപ്പെടാനുള്ള അവകാശം എന്നിവയാണ് രാഷ്ട്രീയ അവകാശങ്ങൾ. രാഷ്ട്രീയ അവകാശങ്ങൾക്ക് അനുബന്ധമാണ് പൗരാവകാശങ്ങൾ. സ്വതന്ത്രവും, നീതിയുക്തവുമായ വിചാരണക്കുള്ള അവകാശം, തുല്യ പരിഗണനക്കുള്ള അവകാശം, സംഘടിക്കാനുള്ള അവകാശം, ജീവിക്കാനുള്ള അവകാശം, സ്വാതന്ത്രത്തിനുള്ള അവകാശം എന്നിവയാണിവ.

**(b) സാമ്പത്തിക അവകാശങ്ങൾ-** നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായിട്ടുള്ള അവകാശങ്ങളാണിവ. ജോലി ചെയ്യാനുള്ള അവകാശം, ന്യായമായ കൂലി ലഭിക്കുന്നതിനുള്ള അവകാശം, തൊഴിൽ സംഘടനകൾ രൂപീകരിക്കുന്നതിനുള്ള അവകാശം, വിശ്രമിക്കാനുള്ള അവകാശം എന്നിവയെല്ലാം ഇതിൽപ്പെടുന്നു.

**(c) സാംസ്കാരിക അവകാശങ്ങൾ-** മിക്ക ജനാധിപത്യ രാജ്യങ്ങളും സാംസ്കാരികാവകാശങ്ങളേയും അംഗീകരിക്കുന്നു. മാതൃഭാഷയിൽ വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം, ഒരു വ്യക്തിക്ക് സ്വന്തം ഭാഷയും, സംസ്കാരവും പിന്തുടരുന്നതിനുള്ള അവകാശം എന്നിവയാണിവ.

3. യുഎൻ പൊതുസഭ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയതെന്ന്? 1948 ഡിസംബർ 10

## അദ്ധ്യായം 16- പൗരത്വം

1.പൗരത്വം എന്നാൽ എന്ത്?

ഒരു രാഷ്ട്രത്തിലെ പൂർണ്ണവും, തുല്യവുമായ അംഗത്വമാണ് പൗരത്വം. രാഷ്ട്രത്തിന്റെ പൂർണ്ണ അംഗമാകുകയെന്നതാണ് ഇതിനർത്ഥം. പൗരത്വത്തിലൂടെ രാഷ്ട്രം ഒരു വ്യക്തിക്ക് രാഷ്ട്രീയ അസ്ഥിത്വവും, തുല്യതയും, ചില അവകാശങ്ങളും ലഭ്യമാക്കുന്നു. പൗരത്വത്തിൽ സമൂഹത്തോടുള്ള ചില കടപ്പാടുകളും ഉൾക്കൊള്ളുന്നു. ഇത് രാഷ്ട്രം ചുമത്തുന്ന നിയമപരമായ കടമകൾ മാത്രമല്ല. സാമൂഹ്യജീവിതത്തിൽ പങ്കാളിയാകാനും, തന്റേതായ സംഭാവന നൽകാനുമുള്ള ധാർമിക ഉത്തരവാദിത്വമാണിത്. രാജ്യത്തെ സംസ്കാരത്തിന്റെയും, പ്രകൃതിവിഭവങ്ങളുടേയും അനന്തരാവകാശികളും, സൂക്ഷിപ്പുകാരുമായാണ് പൗരന്മാരെ കണക്കാക്കുന്നത്.

2. ഇന്ത്യയിൽ പൗരത്വം നേടുന്നതിനുള്ള മാർഗ്ഗങ്ങളേതെല്ലാം?

പൗരത്വത്തെ സംബന്ധിച്ച് വ്യവസ്ഥകൾ ഭരണഘടനയുടെ രണ്ടാം ഭാഗത്തും (ആർട്ടിക്കിൾ 5 മുതൽ 11 വരെ), പാർലമെന്റ് പാസാക്കിയ അനുബന്ധ നിയമങ്ങളിലും കാണാൻ കഴിയും. 1955 ലാണ് പൗരത്വത്തെ സംബന്ധിച്ച് സമഗ്ര നിയമം പാസാക്കുന്നത്. ഈ നിയമം പൗരത്വം ആർജിക്കുന്നതിനുള്ള 5 മാർഗങ്ങൾ വ്യവസ്ഥചെയ്യുന്നു.

Edit with WPS Office



ജന്മസിദ്ധമായ പൗരത്വം, പിന്തുടർച്ച വഴിയുള്ള പൗരത്വം, രജിസ്ട്രേഷൻ മുഖാന്തിരമുള്ള പൗരത്വം, ചിരകാലധിവാസം മുഖേനയുള്ള പൗരത്വം, പ്രദേശ സംയോജനം മൂലം ലഭിക്കുന്ന പൗരത്വം എന്നിവയാണിവ

4.സാർവത്രിക പൗരത്വം എന്നാൽ എന്ത്?

ഒരു രാജ്യത്ത് താമസിക്കുകയും, പണിയെടുക്കുകയും ചെയ്യുന്നവർക്കും, പൗരത്വത്തിന് അപേക്ഷിക്കുന്നവർക്കും രാഷ്ട്രത്തിന്റെ പൂർണ അംഗത്വം ലഭിക്കുക എന്നാണ് സാർവത്രിക പൗരത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

5. ആഗോള പൗരത്വം എന്നാൽ എന്ത്?

ആഗോള പൗരത്വം ഒരു സങ്കല്പമാണ്. താൻ ഒരു രാജ്യത്തിന്റെ പൗരൻ മാത്രമല്ല ലോകത്തിലെ പൗരനാണ് എന്ന കാഴ്ചപ്പാടാണിത്. ലോക സമുദായവും, ആഗോള സമൂഹവും ഇതുവരെ നിലവിൽ വന്നില്ലെങ്കിലും ദേശീയ അതിർത്തികൾക്കപ്പുറത്തേക്ക് തങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന തോന്നൽ നിലനിൽക്കുന്നതായി ആഗോള പൗരത്വത്തെ പിന്തുണയ്ക്കുന്നവർ വാദിക്കുന്നു. വാർത്താവിനിമയ രംഗത്തെ പുരോഗതിയും, ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ജനങ്ങൾക്കിടയിലുള്ള പരസ്പരബന്ധവും ആഗോള പൗരത്വമെന്ന ആശയത്തിന് ബലമേകുന്നു. ആധുനിക കാലത്ത് രാഷ്ട്രങ്ങൾ നേരിടുന്ന പല പ്രശ്നങ്ങളും രാഷ്ട്രത്തിനു തനിയെ പരിഹരിക്കാവുന്നവയല്ല. വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെയും, ഗവൺമെന്റുകളുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇവ പരിഹരിക്കാൻ സാധിക്കൂ. രാഷ്ട്രങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളെ സുഗമമായി പരിഹരിക്കാൻ സാധിക്കുമെന്നതും ആഗോള പൗരത്വത്തിന്റെ പ്രധാന ആകർഷണീയതയാണ്.

## അദ്ധ്യായം 17 ദേശീയത

### 1.ദേശീയത എന്നാൽ എന്ത്? ദേശീയതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാം

ഒരു രാഷ്ട്രത്തിലെ ജനങ്ങൾക്കിടയിലുള്ള, ഏകതാ ബോധവും കൂട്ടായ്മയുമാണ് ദേശീയത. നിരവധി ഘടകങ്ങൾ ദേശീയതയുടെ വളർച്ചയെ സ്വാധീനിക്കുന്നു. അവ താഴെ പറയുന്നു

- **ചരിത്രം-** രാഷ്ട്രത്തിന്റെ നീണ്ടകാല ചരിത്രവും, പൈതൃകവും ജനങ്ങളിൽ ദേശീയത വളർത്തുന്നു.
- **പൊതുവായ വിശ്വാസങ്ങൾ-** രാഷ്ട്രത്തിന്റെ പൊതുവായ വിശ്വാസങ്ങൾ, ഐതിഹ്യങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, നിയമങ്ങൾ എന്നിവ ജനങ്ങളെ ഒന്നിപ്പിക്കുന്നു.
- **ഭൂപ്രദേശം-** ഒരു പ്രത്യേക ഭൂപ്രദേശത്ത് ഏറെ കാലം ഒരുമിച്ച് താമസിക്കുകയും, പൊതുവായ ഒരു ഭൂതകാലം പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ ജനങ്ങളിൽ ഏകതാബോധം രൂപപ്പെടുന്നു.
- **പൊതുവായ രാഷ്ട്രീയ ആദർശങ്ങൾ-** രാഷ്ട്രത്തെക്കുറിച്ച് ജനങ്ങൾക്ക് പൊതുവായ ചില കാഴ്ചപ്പാടുകളുണ്ട്. ജനാധിപത്യം, മതേതരത്വം, പാർലമെന്ററി ജനാധിപത്യം,

Edit with WPS Office



സോഷ്യലിസം, ലിബറലിസം എന്നിവയെല്ലാമാണിത്. ഇത്തരം ആശയങ്ങൾ ജനങ്ങൾക്കിടയിൽ കൂട്ടായ്മ വർദ്ധിപ്പിക്കുന്നു.

കൂടാതെ പൊതുവായ ഭാഷയും, പൊതുവായ സംസ്കാരവും, പൊതുവായ വംശപരമ്പരയും, പൊതുവായ മതവും ദേശീയബോധം വളരുന്നതിന് കാരണമാകുന്നു.

## അദ്ധ്യായം 18 മതേതരത്വം

1.അന്തർ മത മേധാവിത്വവും ആന്തരിക മതമേധാവിത്വവും തമ്മിലുള്ള വ്യത്യാസം എന്ത്?

ഒരു മതം മറ്റൊരു മതത്തിന്റെ മേൽ ആധിപത്യം സ്ഥാപിക്കുകയും, വിവേചനം പുലർത്തുകയും ചെയ്യുന്നതാണ് അന്തർ മതമേധാവിത്വം. മിക്ക രാജ്യങ്ങളിലും മതന്യൂനപക്ഷങ്ങളാണ് ഇത്തരം വിവേചനങ്ങൾ നേരിടേണ്ടിവരുന്നത്.

ഒരു മതത്തിനുള്ളിലുള്ള ഒരു വിഭാഗം മറ്റൊരു വിഭാഗത്തോട് കാണിക്കുന്ന മേധാവിത്വവും, വിവേചനവുമാണ് ആന്തരിക മതമേധാവിത്വം. ഒരു മതത്തിനുള്ളിൽ തന്നെയുള്ള ജാതി വിവേചനവും, സ്ത്രീകളോടുള്ള വിവേചനവും, യാഥാസ്ഥിതിക മേധാവിത്വവുമെല്ലാം ആന്തരിക മതമേധാവിത്വത്തിന്റെ ഉദാഹരണങ്ങളാണ്.

2. മതേതരത്വം എന്നാൽ എന്ത്?

അന്തർ മത മേധാവിത്വത്തിൽ നിന്നും, ആന്തരിക മത മേധാവിത്വത്തിൽ നിന്നും മുക്തമായ ഒരു സമൂഹം സാക്ഷാത്ക്കരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു നൈതിക സിദ്ധാന്തമാണ് മതേതരത്വം. ഇത് മതങ്ങൾക്കുള്ളിലുള്ള സ്വാതന്ത്ര്യത്തെയും, സമത്വത്തെയും, അതോടൊപ്പം തന്നെ മതങ്ങൾക്കിടയിലുള്ള സമത്വത്തെയും പ്രോത്സാഹിപ്പിക്കുന്നു. ഇവിടെ എല്ലാ മതങ്ങളെയും തുല്യതയോടെ പരിഗണിക്കുന്നു. ഒരു മതത്തിനും പ്രത്യേക പ്രാധാന്യം നൽകുന്നില്ല.

3. എന്താണ് മതേതര രാഷ്ട്രം?

എല്ലാ മതങ്ങൾക്കും തുല്യ പ്രാധാന്യം നൽകുന്ന രാഷ്ട്രമാണ് മതേതര രാഷ്ട്രം. മതേതര രാഷ്ട്രത്തിൽ ഔദ്യോഗികമായ മതം ഉണ്ടായിരിക്കില്ല. രാഷ്ട്രത്തെയും മതത്തെയും തമ്മിൽ വേർപെടുത്തിയിരിക്കും. എല്ലാ മതങ്ങൾക്കും സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള അവകാശമുണ്ടായിരിക്കും.

**4. മതേതരത്വത്തിന്റെ പാശ്ചാത്യ മാതൃകയും, ഇന്ത്യൻ മാതൃകയും തമ്മിലുള്ള വ്യത്യാസം വിവരിക്കുക**

പാശ്ചാത്യ മതേതരത്വത്തിൽ രാഷ്ട്രവും, മതവും പരസ്പരം ഇടപെടാതെ കർശനമായ അകലം പാലിക്കുന്നു. അതായത് രാഷ്ട്രം മത കാര്യങ്ങളിലോ, മതം രാഷ്ട്ര കാര്യങ്ങളിലോ ഇടപെടുന്നില്ല. രാഷ്ട്രത്തിന്റെ നിയമവ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നിടത്തോളം മതസമുദായങ്ങളുടെ പ്രവർത്തനത്തെ രാഷ്ട്രം തടസ്സപ്പെടുത്തുന്നില്ല. ഉദാഹരണമായി ഏതെങ്കിലുമൊരു മതസമൂഹം ചില അംഗങ്ങളെ

Edit with WPS Office



ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിൽ നിന്നും തടഞ്ഞാൽ രാഷ്ട്രത്തിന് ഈ വിഷയത്തിൽ ഇടപെടാതെ മാറി നിൽക്കാൻ കഴിയൂ. ഇതനുസരിച്ച് മതം എന്നത് സ്വകാര്യ വിഷയമാണ്. ഇവിടെ വ്യക്തികൾക്കും, വ്യക്തികളുടെ അവകാശങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്. സാമുദായിക അടിസ്ഥാനത്തിലുള്ള അവകാശങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല. മാത്രമല്ല മതപരിഷ്കരണത്തെ രാഷ്ട്രം പിന്തുണയ്ക്കുകയോ, മതസ്ഥാപനങ്ങൾക്ക് സാമ്പത്തികമായ സഹായം നൽകുകയോ ചെയ്യുന്നില്ല.

ഇന്ത്യൻ മതേതരത്വത്തിൽ രാഷ്ട്രം മത കാര്യങ്ങളിൽ തത്വാധിഷ്ഠിതമായ ഇടപെടൽ നടത്തുന്നു. വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം, മത സമൂഹത്തിന്റെ അവകാശങ്ങളും സംരക്ഷിക്കുന്നു. മതന്യൂനപക്ഷങ്ങൾക്ക് അവരുടേതായ സംസ്കാരം നിലനിർത്താനും വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്താനുമവകാശമുണ്ട്. ഇന്ത്യൻ മതേതരത്വം രാഷ്ട്ര പിന്തുണയോടെയുള്ള മത പരിഷ്കരണത്തിനെ പിന്തുണയ്ക്കുന്നു. അയിത്ത നിർമാർജനവും, ശൈശവ വിവാഹ നിരോധനവും ഇതിനുദാഹരണങ്ങളാണ്.

## അദ്ധ്യായം 19 സമാധാനം

### 1. ഘടനാപരമായ ഹിംസ എന്നാൽ എന്ത്? ഘടനാപരമായ ഹിംസയുടെ രൂപങ്ങൾ ഏതെല്ലാം?

സാമൂഹ്യഘടനയിൽ വിവിധതരം അസമത്വങ്ങളും ചൂഷണങ്ങളും നിലനിൽക്കുന്നു. ജാതി, വർഗം, ലിംഗം മുതലായ സാമൂഹ്യ അസമത്വങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സാമൂഹ്യ സ്ഥാപനങ്ങളും സമ്പ്രദായങ്ങളും ഇത്തരം അസമത്വങ്ങൾക്കും ചൂഷണങ്ങൾക്കും കാരണമാകുന്നു. ഇവിടെ പീഡിത വർഗ്ഗം സാമൂഹ്യ ശ്രേണി ക്രമത്തെ വെല്ലുവിളിക്കുകയാണെങ്കിൽ അത് പോരാട്ടങ്ങൾക്കും ഹിംസയും വഴിവയ്ക്കും. സാമൂഹ്യ ഘടനയിലോ, സാമൂഹ്യ സ്ഥാപനങ്ങളിലോ ഇത്തരം വിവേചനവും, അസമത്വവും നിലനിൽക്കുന്നുണ്ടെങ്കിൽ അതിനെ ഘടനാപരമായ ഹിംസയെന്നു പറയുന്നു. ഘടനാപരമായ ഹിംസയുടെ കാരണങ്ങൾ താഴെ വിവരിക്കുന്നു.

- **ജാതി വ്യവസ്ഥ-** ജാതി വ്യവസ്ഥ നിലനിൽക്കുന്ന സമൂഹങ്ങളിൽ ചില ജാതികൾ താഴ്ന്ന ജാതികളായി പരിഗണിക്കപ്പെടുകയും, പലവിധ സാമൂഹ്യ പീഡനങ്ങൾക്കും അവർ ഇരകളാക്കപ്പെടുകയും ചെയ്യുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഇവർ മാറ്റി നിർത്തപ്പെടുന്നു.

- **പുരുഷാധിപത്യം-** സ്ത്രീകളോട് വിവേചനം കാണിക്കുന്ന സാമൂഹ്യ വ്യവസ്ഥയാണ് പാട്രിയാർക്കി. ഇത്തരം സമൂഹങ്ങളിൽ സ്ത്രീകൾ നിരവധി വിവേചനങ്ങൾക്കിരയാവുന്നു. പെൺഭ്രൂണഹത്യ, പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കൽ, ബാല്യവിവാഹം, സ്ത്രീധനപീഡനം, ലൈംഗിക പീഡനം, പെൺകുട്ടികൾക്ക് പോഷകാഹാരം നിഷേധിക്കൽ എന്നിവയെല്ലാം ഇതിനുദാഹരണങ്ങളാണ്.

- **വർഗ്ഗ വ്യത്യാസം-** വികസ്വര രാഷ്ട്രങ്ങളിൽ തൊഴിലാളികൾ കടുത്ത ചൂഷണത്തിനും, പീഡനത്തിനുമിരയാകുന്നു. വേതന കുറവും, മോശമായ തൊഴിൽ സാഹചര്യങ്ങളും തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നു.

Edit with WPS Office



- **കോളനിവൽക്കരണം-** കൊളോണിയൽ ശക്തികൾ മറ്റു രാജ്യങ്ങളുടെ ഭൂപ്രദേശങ്ങൾ കൈവശപ്പെടുത്തുകയും, തദ്ദേശീയരായ ജനതയെ വിവിധ തരത്തിൽ ചൂഷണത്തിന് വിധേയരാക്കുകയും ചെയ്യുന്നു.
- **വംശീയത-** വംശീയ ആക്രമണങ്ങളും, വംശീയ വിവേചനവും ലോകത്തിന്റെ പല ഭാഗങ്ങളിലും നിലനിൽക്കുന്നു. അമേരിക്കയിലെ നീഗ്രോ അടിമത്തവും, ജർമ്മനിയിലെ ജൂതകൂട്ടക്കൊലയും, ദക്ഷിണാഫ്രിക്കയിലെ വർണ്ണ വിവേചനവും ഇതിനുദാഹരണങ്ങളാണ്.
- **വർഗീയത-** ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നതാണ് വർഗീയതയ്ക്ക് കാരണമാകുന്നത്. മിക്ക രാജ്യങ്ങളിലും ന്യൂനപക്ഷ മത വിഭാഗങ്ങൾ വിവിധതരം വിവേചനങ്ങൾക്കും ഹിംസക്കും ഇരയാകാറുണ്ട്.

**2. സമാധാന സ്ഥാപനത്തിനുള്ള വെല്ലുവിളികൾ എന്തെല്ലാം?**

- പല രാഷ്ട്രങ്ങളും അവരുടെ പരമാധികാരം ഉയർത്തിപ്പിടിക്കുകയും, മറ്റു രാഷ്ട്രങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുകയും ചെയ്യുന്നു.
- പ്രാദേശിക സൈനിക സഖ്യങ്ങളും, മറ്റു രാജ്യങ്ങളുടെ മേലുള്ള ആക്രമണവും
- ആധുനിക ആയുധങ്ങളും, സാങ്കേതിക വിദ്യയുമുപയോഗിച്ചുള്ള ഭീകരവാദം
- ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന വംശഹത്യകൾ

## അദ്ധ്യായം 20 വികസനം

### 1. വികസനത്തിന്റെ സങ്കുചിതവും വിശാലവുമായ അർത്ഥ തലങ്ങളെക്കുറിച്ച് വിവരിക്കുക.

സാമ്പത്തികവളർച്ചയുടെ നിരക്ക്, പ്രതിശീർഷ വരുമാനത്തിന്റെ ഉയർച്ച, മുൻകൂട്ടി നിശ്ചയിച്ച ലക്ഷ്യങ്ങളോ പദ്ധതികളോ പൂർത്തിയാക്കുക എന്നിവയെല്ലാമാണ് വികസനത്തിനന്റെ സങ്കുചിത അർത്ഥത്തിൽ വരുന്നത്. വികസനത്തിനന്റെ വിശാലമായ അർത്ഥത്തിൽ സാമൂഹ്യ പുരോഗതി, ക്ഷേമം, ജനങ്ങളുടെ ജീവിത ഗുണനിലവാരത്തിലുള്ള ഉയർച്ച എന്നിവയെല്ലാം പരിഗണിക്കപ്പെടുന്നു.

**2. വികസനത്തിനന്റെ സാമൂഹ്യച്ചെലവ് എന്തെല്ലാം?**

വികസനം മനുഷ്യന്റെ സാമൂഹികജീവിതത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളാണ് സാമൂഹ്യച്ചെലവ്. വൻകിട വ്യവസായശാലകൾ, ഡാമുകൾ, ദേശീയപാതകൾ എന്നിവയുടെ നിർമ്മാണം നിരവധി സാമൂഹ്യ പ്രത്യാഘാതങ്ങൾക്ക് വഴിതെളിക്കുന്നു. ഇവ താഴെ വിവരിക്കുന്നു.

- കുടിയൊഴിപ്പിക്കലിന്റെ ഫലമായി പലരുടെയും ജീവിതമാർഗ്ഗം നഷ്ടപ്പെടുകയും, ദാരിദ്ര്യം വർദ്ധിക്കുകയും ചെയ്യുന്നു.

Edit with WPS Office



- കുടിയൊഴിപ്പിക്കപ്പെട്ട ജനതയുടെ പരമ്പരാഗത വൈദഗ്ധ്യങ്ങൾ നഷ്ടപ്പെടുന്നു.
- കുടിയൊഴിപ്പിക്കപ്പെട്ട ജനങ്ങൾ ചേരി പ്രദേശങ്ങളിൽ ജീവിക്കേണ്ട സാഹചര്യമുണ്ടാകുന്നു.
- കുടിയൊഴിപ്പിക്കപ്പെട്ട പ്രദേശത്തെ ജനങ്ങളുടെ സംസ്കാരം ഇല്ലാതാകുന്നു.

**3. വികസനത്തിന്റെ പാരിസ്ഥിതിക ചെലവിനെക്കുറിച്ച് വിവരിക്കുക.**

വികസനത്തിന്റെ ഫലമായുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ മുഴുവൻ ജനതയേയുമാണ് ബാധിക്കുന്നത്. ഇത് താഴെ വിവരിക്കുന്നു.

- വായു മലിനീകരണവും, ജലമലിനീകരണവും
- ഓസോൺ ശോഷണം
- ഓസോൺ ശോഷണത്തിന്റെ ഫലമായുള്ള ആഗോളതാപനം.
- രാസവളങ്ങളുടെയും, കീടനാശിനികളുടെയും ഉപയോഗഫലമായുള്ള മണ്ണ് മലിനീകരണം.
- പുനർനിർമ്മിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളുടെ അമിതമായ ഉപയോഗം ഈ സ്രോതസ്സുകൾ ഇല്ലാതാകുന്നതിന് വഴിതെളിക്കും.
- വനനശീകരണം വിറകിനും, മരുന്നിനും, ആഹാരത്തിനും വനത്തെ ആശ്രയിക്കുന്നവരെ ദോഷകരമായി ബാധിക്കുന്നു.
- ഭൂഗർഭ ജലനിരപ്പ് താഴുന്നു.